9

ഡോ. എൻ. പ്രശാന്തകുമാർ

# ഫെമിനിസത്തിലെ ആധുനികോത്തരത

വർത്തമാനകാലം സത്യസന്ധമായി ചിത്രീകരിക്കുന്നതിന് അനുയോജ്യമായ ചിന്താധാരകളാണ് ഫെമിനിസ്റ്റ് സിദ്ധാന്തവും ഉത്തരാധുനിക(post modern) ദർശനവും. പാശ്ചാത്യസംസ്കാരത്തിൽ ഇന്നും നിലനിൽക്കുന്ന ജ്ഞാനോദ്ദീപന (Enlightenment) വിശ്വാസങ്ങളെ പ്രതിഫലിപ്പിക്കുന്നതാണ് ഉത്തരാധുനികദർശനം. സ്വത്വം, ശിശ്നം (gender), സംസ്കാരം ഇവ മനസ്സിലാക്കുന്നതിനും പ്രതിനിധാനം ചെയ്യുന്നതിനും അനുരൂപമായ, സമർഥവും സങ്കീർണവുമായ മാർഗങ്ങളാണ് ഉത്തരാധുനികചിന്തയും ഫെമിനിസ്റ്റ് വിമർശനവും.

ഫെമിനിസ്റ്റ് സിദ്ധാന്തം ഏകരൂപമായ ഒരു പ്രതിപാദന(discourse) മല്ല. ശിശ്നീയബന്ധങ്ങളുടെ വിശകലനമാണ് ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ അടിസ്ഥാനലക്ഷ്യം. സ്ത്രീവർഗത്തിന്റെ അവസ്ഥ, സ്ത്രീപീഡനം, പുരുഷാധിപത്യം മുതലായ വിഷയങ്ങളാണ് ഈ വിശകലനത്തിൽ ഉൾപ്പെടുന്നത്. നിർദേശകഘടകങ്ങൾ ഉൾക്കൊള്ളുന്ന ഫെമിനിസ്റ്റ് സിദ്ധാന്തം സമൂഹത്തിലെ ശിശ്നാധിഷ്ഠിത ക്രമീകരണത്തെക്കുറിച്ച് വിമർശനാത്മകമായ ഒരു ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നു. ശിശ്നീയബന്ധങ്ങളെ (gender relations) വിലയിരുത്തുന്നതിനും രൂപാന്തരപ്പെടുത്തുന്നതിനും ഇത് സഹായകമാണ്. ഫെമിനിസ്റ്റ് രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പിൻബലമുള്ളതുകൊണ്ട്, ഫെമിനിസ്റ്റ് സിദ്ധാന്തത്തിന് ഇത് അനായാസം സാധ്യമാകുന്നു. മനുഷ്യാനുഭവങ്ങളുടെ വിവിധ തലങ്ങളിൽ നിലനിൽക്കുന്ന ശിശ്നീയബന്ധങ്ങൾ മാനുഷികവ്യാപാരങ്ങളെ നിയന്ത്രിക്കുന്നു. ഒരു സാമൂഹികഘടകം എന്ന നിലയിലുള്ള ശിശ്നഘടന (gender pattern) ശിശ്നീയബന്ധങ്ങളും വർഗം, വർണം മുതലായ സാമൂഹികബന്ധങ്ങളും തമ്മിലുള്ള വേഴ്ചയാൽ നിയന്ത്രിതമാണ്. അതിനാൽ ശിശ്നീയബന്ധങ്ങൾ സ്ഥിരമോ സുദൃഢമോ അല്ല.

ഉത്തരാധുനികദർശനത്തിന്റെ ഭാഗമാണ് ഫെമിനിസ്റ്റ് സിദ്ധാന്തം. ഇത് മാനുഷികാനുഭവങ്ങളുടെ വ്യാഖ്യാനത്തിനുള്ള ഒരു മാർഗമാണ്. ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ സ്വഭാവം, ഫെമിനിസ്റ്റ് പ്രമേയങ്ങളുടെ സൈദ്ധാന്തികവൽക്കരണം എന്നീ ആലങ്കാരികപ്രശ്നങ്ങളാണ് സമകാലികരായ ഫെമിനിസ്റ്റുകൾ

അഭിമുഖീകരിക്കുന്നത്. ശിഥിലവും അവ്യക്തവുമായ പാശ്ചാത്യ ആത്മജ്ഞാനത്തിന് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് കഴിയുന്നില്ല. സാർവത്രികമായി അംഗീകരിക്കപ്പെടുന്നതും സമവായസ്വഭാവമുള്ളതുമായ ഒരു അടിസ്ഥാനം ഫെമിനിസ്റ്റ് സിദ്ധാന്തത്തിന് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

ഉത്തരാധുനിക പ്രതിപാദനങ്ങൾ എല്ലാം തന്നെ അപഗ്രഥനാ(analytical)ത്മകമോ അപനിർമാണാ(deconstructive) ധിഷ്ഠിതമോ ആണ്. സത്യം, സ്വത്വം, ഭാഷ എന്നിവയെ സംബന്ധിച്ച വിശ്വാസങ്ങളിൽ നിന്ന് വായനക്കാരന്റെ ചേതനയെ വിദൂരവൽക്കരിക്കുകയാണ് ഇവയുടെ ഉദ്ദേശ്യം. സമകാലീന പാശ്ചാത്യസംസ്കാരത്തിൽ ന്യായയുക്തമായ അംഗീകാരം നേടിയിട്ടുള്ള മൂല്യങ്ങളെയാണ് ഇവ വിദൂരവൽക്കരിക്കുന്നത്.

ഉത്തരാധുനികദർശനം പാശ്ചാത്യസംസ്കാരത്തിൽ ഇന്നും പ്രസക്തമായിട്ടുള്ളതും ജ്ഞാനോദ്ദീപനത്തിൽ നിന്ന് സ്വീകരിക്കപ്പെട്ടിട്ടുള്ളതുമായ വിശ്വാസങ്ങളെക്കുറിച്ച് വിധ്വംസകമായ സംശയങ്ങൾ പ്രകടിപ്പിക്കുന്നു. ഇവയിൽ പ്രാധാന്യമർഹിക്കുന്നവ താഴെ കുറിക്കുന്നു:

1. ജ്ഞാനോദ്ദീപനസ്വത്വം സ്ഥായിയും സംഗതവുമായ ഒന്നാണ്. ഇത് വിശേഷാധികാരം നൽകുന്ന പ്രാപ്തമായ ഒരു യുക്തിരൂപമാണ്. ഈ സ്വത്വത്തിന്റെ അതുല്യസവിശേഷത സ്വന്തം പ്രക്രിയകളെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്നു.
2. യുക്തിയും തത്വചിന്തയും വിജ്ഞാനത്തിന് വസ്തുനിഷ്ഠവും വിശ്വസനീയവും സാർവത്രികവുമായ ഒരു അടിസ്ഥാനം നൽകുവാൻ പര്യാപ്തമാണ്.
3. യുക്തിയുടെ ശരിയായ പ്രയോഗത്തിലൂടെ ആർജിക്കുന്ന വിജ്ഞാനം സത്യപൂർണമാണ്. ഈ വിജ്ഞാനം നമ്മുടെ മനസ്സിന്റെയും ലോകഘടനയുടെയും യഥാർഥവും ആഗോളമാനമുള്ളതുമായ ഗുണങ്ങളെ പ്രതിനിധീകരിക്കുന്നു.
4. യുക്തിക്ക് അതീന്ദ്രിയവും ആഗോളപരവുമായ ഗുണങ്ങളുണ്ട്. ഭൗതികവും ചരിത്രപരവും സാമൂഹികപരവുമായ അനുഭവങ്ങൾ യുക്തിയുടെ ഘടനയെയോ കാലികവിജ്ഞാനം സൃഷ്ടിക്കുന്നതിനുള്ള ക്ഷമതയെയോ ബാധിക്കുന്നില്ല.
5. യുക്തി, സ്വാശ്രയത്വം, സ്വാതന്ത്ര്യം ഇവ തമ്മിൽ സങ്കീർണമായ ബന്ധമുണ്ട്. സത്യം, ആധികാരികത ഇവ സംബന്ധിച്ച അവകാശവാദങ്ങൾ യുക്തിയുടെ സഹായത്തോടെ വിശകലനം ചെയ്യാം. യുക്തിയുടെ ശരിയായ പ്രയോഗത്തിന്റെ ഫലങ്ങൾ ബലപ്പെടുത്തുന്ന നിയമങ്ങൾ അനുസരിക്കുന്നതാണ് സ്വാതന്ത്ര്യം. ഇത് യുക്തിയിൽ വിശ്വസിക്കുന്ന മനുഷ്യന് തന്റെ അതീന്ദ്രിയഭാഗത്തോടുള്ള അനുസരണയാണ്. മനുഷ്യൻ തന്റെ സ്വാശ്രയത്വം പ്രയോഗിച്ച് സ്വതന്ത്രജീവിയെന്ന നിലയിലുള്ള തന്റെ അസ്ഥിത്വം അർഥപൂർണമാക്കുന്നു.





6. ആധികാരികതയെക്കുറിച്ചുള്ള അവകാശവാദം യുക്ത്യധിഷ്ഠിതമാക്കി സത്യം, വിജ്ഞാനം, അധികാരം ഇവ തമ്മിലുള്ള സംഘർഷം ഒഴിവാക്കാം. പ്രാപഞ്ചികമായ യുക്തിപോലെ പക്ഷപാതരഹിതമാണ് വിജ്ഞാനം. അവികലമായി സത്യത്തിന് അധികാരത്തെ സേവിക്കുവാൻ കഴിയും. അധികാരസേവനത്തിൽ വിജ്ഞാനത്തിന്റെ ശരിയായ ഉപയോഗം സ്വാതന്ത്ര്യവും പുരോഗതിയും ഉറപ്പുവരുത്തുന്നു.
7. യുക്തിയുടെ ശരിയായ ഉപയോഗത്തിലൂടെയാണ് ശാസ്ത്രം വളരുന്നത്. ശാസ്ത്രം ശരിയായ വിജ്ഞാനത്തിന്റെ പ്രതിരൂപമാണ്. ഉള്ളടക്കത്തിലും രീതിയിലും ശാസ്ത്രം പക്ഷപാതരഹിതമാണ്. ശാസ്ത്രീയഫലങ്ങൾ സാമൂഹികക്ഷേമത്തിന് ഫലപ്രദമാണ്. ശാസ്ത്രീയ കണ്ടുപിടിത്തങ്ങളിലൂടെ പ്രകൃതിനിയമങ്ങളെ ജനക്ഷേമത്തിന് ഉപയോഗിക്കാം. യുക്തി പ്രയോഗിക്കുന്നതിൽ കൂടി മാത്രമേ ശാസ്ത്രപുരോഗതി സാധ്യമാവൂ.
8. ഭാഷ ഒരർഥത്തിൽ സുതാര്യമാണ്. യുക്തിയുടെ ശരിയായ പ്രയോഗത്തിലൂടെ ആർജിച്ച വിജ്ഞാനം വെളിപ്പെടുത്തുന്നതിനുള്ള മാധ്യമമാണ് ഭാഷ. ഒരു വസ്തുവും അത് പ്രതിനിധീകരിക്കുന്ന വാക്കും തമ്മിൽ ബന്ധമുണ്ട്. എന്നാൽ വസ്തു സാമൂഹികപരമായോ ഭാഷാപരമായോ സൃഷ്ടിക്കപ്പെടുന്നതല്ല. ഭാഷയുടെ ശരിയായ പ്രയോഗമാണ് ഒരു വസ്തുവിനെ തിരിച്ചറിയുവാൻ മനുഷ്യബോധത്തെ സഹായിക്കുന്നത്.

ഉത്തരാധുനികപദ്ധതി അപനിർമാണാത്മകമാണ് എന്ന് പറഞ്ഞുവല്ലോ. ഇതിന് ഫെമിനിസ്റ്റ് സിദ്ധാന്തത്തോടുള്ള ബന്ധം അസന്ദിഗ്ധമല്ല. ഇമ്മാനുവൽ കാന്റ് (Immanuel Kant) തുടങ്ങിയ ജ്ഞാനോദ്ദീപകചിന്തകർ സ്ത്രീ പാരമ്പര്യ അധികാരത്തിൽ നിന്ന് സ്വാതന്ത്ര്യം നേടുവാൻ പ്രാപ്തയല്ലെന്ന് വിശ്വസിച്ചിരുന്നു. എന്നാൽ, സ്വാശ്രയത്വമുള്ള യുക്തി, വസ്തുനിഷ്ഠമായ സത്യം, ഗുണകരമായ പുരോഗതി ഇവ സ്ത്രീയുടെ കഴിവുകൾക്കും അനുഭവങ്ങൾക്കും ബാധകമാണ്.

സത്യം, സ്വത്വം ഇവയെക്കുറിച്ചുള്ള ഫെമിനിസ്റ്റ് ധാരണ ജ്ഞാനോദ്ദീപനചിന്തയ്ക്ക് ഘടകവിരുദ്ധമാണ്. വ്യക്തിത്വത്തെ സംബന്ധിച്ച ജ്ഞാനോദ്ദീപനവീക്ഷണം പുനരുജ്ജീവിപ്പിക്കുകയെന്നത് ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ ലക്ഷ്യമല്ല. യുക്തി, സ്വത്വം ഇവയെക്കുറിച്ചുള്ള ജ്ഞാനോദ്ദീപനധാരണകളുടെ അപനിർമാണത്തിലാണ് ഫെമിനിസ്റ്റ് സൈദ്ധാന്തികർ ശ്രദ്ധിക്കുന്നത്. ഇതിലൂടെ ആഗോളതലത്തിൽ നിലനിൽക്കുന്ന ശിശ്നക്രമീകരണങ്ങളെ

തുറന്നുകാട്ടുന്നതിന് ഉത്തരാധുനിക പ്രതിപാദനങ്ങൾ അവർ പ്രയോജനപ്പെടുത്തുന്നു.

സ്വന്തം യുക്തി പ്രയോഗിക്കുന്നതിന് ധൈര്യം കാണിക്കുകയെന്നതാണ് ഏറ്റവും പ്രധാനമായ ജ്ഞാനോദ്ദീപനോദ്ദേശം. ഇത് ശിശ്നഘടനയിൽ രൂഢമൂലമായ സ്വത്വബോധത്തിലോ ആത്മവഞ്ചനയിലോ നിലകൊള്ളുന്നതാണ്.

ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ കേന്ദ്രപ്രമേയം ശിശ്നമാണ്. ശിശ്നസംബന്ധിയായ സിദ്ധാന്തങ്ങൾ സങ്കീർണവും വിവാദപരവുമാണ്. ഫെമിനിസ്റ്റ് സൈദ്ധാന്തികർക്കിടയിൽ ഈ വിഷയത്തിൽ ഒരു അഭിപ്രായഐക്യമില്ല. ശിശ്നാധിഷ്ഠിതനീതി ആർജിക്കുന്നതിന് ഫെമിനിസ്റ്റുകളുടെ ഐക്യം അനിവാര്യമാണ്. ഈ ലക്ഷ്യത്തിനായി താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കാം:

1. ശിശ്നീയ മനുഷ്യബന്ധങ്ങൾക്ക് ശരീരശാസ്ത്രപരവും ലൈംഗികവുമായ വ്യത്യാസങ്ങളുമായുള്ള ബന്ധം.
2. മനുഷ്യസമൂഹത്തിൽ ശിശ്നീയ ബന്ധങ്ങളുടെ ഘടനയും നിലനിൽപ്പും.
3. ശിശ്നീയബന്ധങ്ങളുടെ ചരിത്രപരമായ ഉൽപ്പത്തി.
4. ശിശ്നീയ ബന്ധങ്ങൾക്ക് ലൈംഗികതയും വൈയക്തിക അനന്യത (identity) യുമായുള്ള ബന്ധം.
5. ശിശ്നീയബന്ധങ്ങൾക്ക് സ്വവർഗരതിയും ഭിന്നവർഗരതിയുമായുള്ള ബന്ധം.
6. ശിശ്നീയബന്ധങ്ങൾക്ക് വർഗം, വർണം മുതലായ സാമൂഹ്യബന്ധങ്ങളുമായുള്ള ബന്ധം.
7. ശിശ്നീയ ബന്ധങ്ങളും പുരുഷാധിപത്യവും തമ്മിലുള്ള ബന്ധം.
8. ശിശ്നീയ വ്യത്യാസങ്ങളും ചിന്താപ്രക്രിയയും തമ്മിലുള്ള ബന്ധം.

ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ പുരോഗതിയിൽ ശിശ്നീയബന്ധങ്ങൾ പ്രശ്നവൽക്കരിക്കപ്പെടുന്നു. ശിശ്നം ലളിതമായ ഒരു നൈസർഗികവസ്തുതയെന്നതിലുപരി ഒരു സങ്കീർണപ്രശ്നമായിത്തീരുന്നു. ശിശ്നീയ ബന്ധങ്ങൾ സ്വാഭാവികമാണെന്നാണ് സമൂഹത്തിന്റെ ധാരണ. ശക്തമായ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളുടെ അഭാവമാണ് ഇതിനുള്ള ഒരു കാരണം. ശരീരശാസ്ത്രപരമായ ലൈംഗികവ്യത്യാസങ്ങളെ ശിശ്നീയബന്ധങ്ങളായി തെറ്റിദ്ധരിക്കുന്നതാണ് മറ്റൊരു കാരണം.

"ശിശ്നീയബന്ധങ്ങൾ" എന്ന സംജ്ഞകൊണ്ട് അർഥമാക്കുന്നത് സങ്കീർണമായ ഒരു ഗണം (set) സാമൂഹികബന്ധങ്ങളെയാണ്. ചരിത്രപരമായി പരിവർത്തനവിധേയമായ സാമൂഹികപ്രക്രിയകളുടെ പരിണാമഫലമായുണ്ടാകുന്ന ഒരു ഗണത്തെയാണ് ഇവ പരാമർശിക്കുന്നത്. ഒരു വൈശ്ലേഷിക





വിഭാഗമായിട്ടും ഒരു സാമൂഹികപ്രക്രിയയായിട്ടും ശിശ്നം അതാർക്കികമാണ്. ശിശ്നീയബന്ധങ്ങൾ അസ്ഥിരവും സങ്കീർണവുമായ പ്രക്രിയകളാൽ പരസ്പരബന്ധിതവും പരസ്പരാശ്രിതമായ ഘടകങ്ങളാൽ സൃഷ്ടിക്കപ്പെടുന്നതുമാണ്.

ശിശ്നീയബന്ധങ്ങൾ പുരുഷൻ, സ്ത്രീ എന്ന രണ്ടുതരം വ്യക്തികളെ സൃഷ്ടിക്കുന്നു. ഇവ രണ്ട് നിഷ്കാസിതവിഭാഗങ്ങളായി ചരിത്രത്തിലും സമൂഹത്തിലും നിലനിൽക്കുന്നു. അതായത്, ഒരു വ്യക്തി ഒരു ശിശ്നീയ വിഭാഗത്തിൽ മാത്രമേ ഉൾപ്പെടുകയുള്ളൂ. ഒരു പുരുഷന്റെയോ സ്ത്രീയുടെയോ സമൂഹത്തിലെ അവസ്ഥയും ശിശ്നീയ വിഭാഗങ്ങളുടെ സുദൃഢതയും സാംസ്കാരികവും കാലികവുമായ മാറ്റത്തിന് വിധേയമാണ്. അതായത്, വ്യത്യസ്ത സംസ്കാരങ്ങളിലും വ്യത്യസ്തകാലഘട്ടങ്ങളിലും ഇവ വ്യത്യസ്തമായിരിക്കും. ശിശ്നീയ ബന്ധങ്ങൾ എന്നും അധീശത്വബന്ധങ്ങളാണ്. ഇവയെ എപ്പോഴും നിയന്ത്രിക്കുന്നതും അപൂർണമായി നിർവചിക്കുന്നതും പുരുഷനാണ്. അധീശത്വ-അധസ്ഥിതബന്ധങ്ങളും ശിശ്നീയബന്ധങ്ങളുടെ നിലനിൽപ്പും സമൂഹദൃഷ്ടിയിൽ നിന്ന് മറയ്ക്കുന്നതിന് നിരവധി മാർഗങ്ങളുണ്ട്. അതിലൊരു മാർഗം സ്ത്രീയെ അപര (the other) യായും പുരുഷനെ ആധികാരികചിത്ത(the subject)നായും നിർവചിക്കുന്നതാണ്. പല സംസ്കാരങ്ങളിലും പ്രതിപാദനങ്ങളിലും പുരുഷൻ ശിശ്നീയബന്ധങ്ങളാൽ നിയന്ത്രിതനല്ല. ആധുനിക അക്കാദമിക പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഏതൊരു സംസ്കാരത്തിലും മൂന്ന് വിഭിന്നമായ ചരിത്രഭേദങ്ങളുണ്ട് – അവന്റെ, അവളുടെ, നമ്മുടെ. ഇവയിൽ 'അവന്റെ'യും 'നമ്മുടെ'യും ചരിത്രരൂപങ്ങൾ സമാനവും തത്തുല്യവുമാണ്. സമകാലീനപഠനങ്ങൾ 'അവളുടെ' – സ്ത്രീയുടെ– ചരിത്രഭേദം സംസ്കാരത്തിൽ നിലനിൽക്കുന്നതായി തിരിച്ചറിഞ്ഞിരിക്കുന്നു.

സാമൂഹികബന്ധങ്ങളെന്ന നിലയിൽ ശിശ്നീയബന്ധങ്ങളെ മനസ്സിലാക്കുന്നതിന് ലിംഗം, ശരീരശാസ്ത്രം, പ്രകൃതി ഇവയിൽ ആരോപിക്കപ്പെട്ടിട്ടുള്ള അർഥങ്ങളെ ഫെമിനിസ്റ്റ് സൈദ്ധാന്തികർ അപനിർമാണത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു. അപനിർമാണം കഠിനവും അപൂർണവുമാണ്. ലിംഗം (Sex), ശിശ്നം (gender) ഇവ വിഭിന്നമാണെന്ന് ആദ്യകാല ഫെമിനിസ്റ്റുകൾ തന്നെ വിശ്വസിച്ചിരുന്നു. ഫെമിനിസത്തിന്റെ സാമൂഹികചരിത്രം പരിശോധിച്ചാൽ പ്രത്യക്ഷമായ ഈ വിഭിന്നത രാഷ്ട്രീയപരമായ ആവശ്യമാണെന്നു കാണാം. പ്രകൃതവും സംസ്കാരവും അഥവാ ശരീരവും മനസ്സും തമ്മിലുള്ള സങ്കീർണവും സവിശേഷവും ആയ വിരുദ്ധതകളിലാണ് ഇത് നിലകൊള്ളുന്നത്. സമകാലീനരായ ഫെമിനിസ്റ്റുകൾ ഈ വിരുദ്ധതകളെക്കുറിച്ച് പുനരാലോചന തുടങ്ങിയിരിക്കുന്നു. ഇത് പുതിയ ചോദ്യങ്ങളിലേക്ക് നമ്മെ നയിക്കുന്നു.

ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ സാംസ്കാരികോന്മുഖമായ ആത്മാഭിജ്ഞാനത്തിൽ നിന്ന് സ്വതന്ത്രമല്ല. സ്ത്രീകളും പുരുഷന്മാരെപ്പോലെ സ്ത്രീത്വം, സ്ത്രൈണത, പുരുഷത്വം, ലൈംഗികത എന്നിവയെക്കുറിച്ച് സംസ്കാരത്തിൽ പ്രാമുഖ്യം പുലർത്തുന്ന പുരുഷവീക്ഷണങ്ങൾ ആന്തരികവൽക്കരിച്ചിരിക്കുന്നു. നൈസർഗികവ്യത്യാസങ്ങളുൾക്കൊള്ളുന്ന സ്ത്രീയും പുരുഷനും തമ്മിലുള്ള വിരുദ്ധതയല്ല ശിശ്നം. ഇത് സാമൂഹ്യബന്ധങ്ങളുടെ ഒരു മാനദണ്ഡമാണ്. ചില പ്രത്യേക സമൂഹങ്ങളിലെ വ്യത്യസ്തരായ സ്ത്രീകളുടെ കഴിവുകളെയും പീഡനങ്ങളെയും സംബന്ധിച്ച വൈവിധ്യങ്ങളും പരിമിതികളും നമുക്ക് തിരിച്ചറിയുവാൻ ശിശ്നം സഹായിക്കുന്നു:

അതുകൊണ്ട് സമകാലികരായ ഫെമിനിസ്റ്റുകൾ ഒരു പഞ്ചതല കർത്തവ്യം നിർവഹിക്കേണ്ടിയിരിക്കുന്നു:

1. ഇന്ന് നിലനിൽക്കുന്ന പുരുഷാധിപത്യസമൂഹങ്ങൾ സ്ത്രീകളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്ന് ചിന്തിക്കണം.
2. തങ്ങൾ ജീവിക്കുന്ന സാമൂഹ്യ യാഥാർഥ്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് സമൂഹത്തെ സംബന്ധിക്കുന്ന ഫെമിനിസ്റ്റ് വീക്ഷണങ്ങൾ നിർഭയമായി, നിഷ്പക്ഷമായി പ്രസ്താവിക്കണം.
3. ഇന്ന് നിലനിൽക്കുന്ന അധികാര/വിജ്ഞാനശക്തികൾ സ്ത്രീവർഗത്തിനായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്ത്രീകളെ എങ്ങനെ കുറ്റക്കാരായി ചിത്രീകരിക്കുമെന്ന് പരിഗണിക്കണം.
4. ഇന്ന് നിലനിൽക്കുന്ന സമൂഹങ്ങളെ സ്ത്രീവർഗത്തിന്റെ ക്ഷേമത്തിനായി എങ്ങനെ രൂപാന്തരപ്പെടുത്താമെന്ന് ഭാവനാത്മകമായി ആലോചിക്കണം.
5. സ്ത്രീയുടെ അവകാശത്തെ മനുഷ്യാവകാശത്തിന്റെ ഭാഗമായിക്കരുതി മനുഷ്യവർഗത്തിന്റെ ഉന്നമനത്തിനായി ഫെമിനിസ്റ്റ് പ്രസ്ഥാനത്തെ എങ്ങനെ പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്ന് തെളിയിക്കണം.

ശിശ്നീയബന്ധങ്ങൾ അധീശത്വസ്വഭാവമുള്ളവയായതുകൊണ്ട് ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ ക്ഷതിപൂരക(compensatory)വും വിമർശനാത്മകവുമായിരിക്കണം. സാമൂഹികബന്ധങ്ങളുടെ പുരുഷവീക്ഷണങ്ങൾ പ്രസ്താവിക്കാത്തതോ, അടിച്ചമർത്തിയതോ, അവഗണിച്ചതോ ആയ വശങ്ങൾ പരിശോധിക്കേണ്ടത് ഫെമിനിസ്റ്റ് സൈദ്ധാന്തികരുടെ ദൗത്യമാണ്. സ്ത്രീവർഗത്തെയും സ്ത്രീകർമത്തെയും വീണ്ടെടുക്കേണ്ടതും സ്ത്രീവർഗത്തിന്റെ ചരിത്രസംസ്കാരങ്ങൾ പുനർരചനയ്ക്ക് വിധേയമാക്കേണ്ടതും അവരുടെ കടമയാണ്. സ്ത്രീകർമങ്ങൾ സാമൂഹികബന്ധങ്ങളാൽ സൃഷ്ടിക്കപ്പെട്ടതും സമൂഹത്തെ നിലനിർത്തുന്നതുമാണ്. ഇവ എങ്ങനെ പുരുഷകർമങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്നും ഇവ എപ്രകാരം വർഗ-വർണബന്ധങ്ങളെ ബാധിക്കുന്നുവെന്നും അപഗ്രഥിക്കേണ്ടിയിരിക്കുന്നു.





പ്രബലമായ പുരുഷവീക്ഷണങ്ങളാൽ നിയന്ത്രിതമായ സമൂഹത്തെ സംബന്ധിച്ച പല സംഗതികളും വെളിച്ചത്തുകൊണ്ടുവരുവാൻ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ സഹായിക്കുന്നു. സാമൂഹികപരമായി സ്ത്രീ ഒരു പ്രത്യേക ഗണം ബന്ധങ്ങളാൽ പുരുഷനുമായി പരാമർശിക്കപ്പെടുന്ന ഒരു വ്യക്തിയായി നിലനിൽക്കുന്നു. ഫെമിനിസ്റ്റ് സമീപനം സ്ത്രീകേന്ദ്രിതവും പുരുഷകേന്ദ്രിതസമീപനത്തിന്റെ ഒരു എതിർപ്രയോഗ(oppositional practice)വും കൂടുതൽ സത്യസന്ധവുമാണ്. ഒരു പീഡിതവർഗം തങ്ങളുടെ സാമൂഹികാനുഭവങ്ങളാൽ അടിസ്ഥാനപരമായി നശിപ്പിക്കപ്പെടുന്നില്ലയെന്ന യാഥാർഥ്യം വെളിപ്പെടുത്തുന്നതാണ് ഈ സമീപനം. പ്രാതിനിധ്യമർഹിക്കുന്ന ഒരു യാഥാർഥ്യം മനസ്സിലാക്കുന്നതിനുള്ള വിശേഷാധികാരവും പ്രാപ്തിയും സ്ത്രീകൾക്കുണ്ട്. തങ്ങളുടെ ലിംഗപരമായ സവിശേഷതയാൽ അടിസ്ഥാനപരമായി സാമ്യതയുള്ള ഒരു വിഭാഗമാണ് സ്ത്രീവർഗം. സ്ത്രീവർഗത്തിന്റെ ശിശ്നീയവൽക്കരിക്കപ്പെട്ട (gendered) സാമൂഹികബന്ധങ്ങളാണ് ഈ യാഥാർഥ്യം വിവക്ഷിക്കുന്നത്. ഇത് പുരുഷൻ സ്ത്രീക്ക് നീക്കിവച്ചിട്ടുള്ള അപരത്വ(otherness)ത്തിന്റെ രൂപം/ഭാവം സ്വീകരിക്കുന്നു. സാമൂഹികബന്ധങ്ങൾക്കുപരിയായ ഒരു യാഥാർഥ്യമില്ല. ഒരു ഉത്തരാധുനികദർശനമെന്ന നിലയിൽ ഫെമിനിസ്റ്റ് സിദ്ധാന്തം ദ്വിലഗ്നമനസ്സ്, സന്ദിഗ്ധാർഥത, ബഹുലത മുതലായവ വ്യാഖ്യാനിക്കുന്നതിനും നിലനിർത്തുന്നതിനും സഹായിക്കുന്നു. ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ പീഡനം, അവഗണന, ചൂഷണം ഇവയില്ലാതെ സമൂഹത്തിൽ ക്രമവും ഘടനയും നിലനിർത്തുന്നതിന് ഊന്നൽ നൽകുന്നു.

ജ്ഞാനോദ്ദീപനചിന്തയുടെ പ്രച്ഛന്നവും രൂഢമൂലവുമായ വൈരുധ്യങ്ങളെയും പരിമിതികളെയും തുറന്നു കാട്ടുന്നതിനുള്ള ഒരു ശക്തിസ്രോതസ്സാണ് ഫെമിനിസ്റ്റ് പ്രതിപാദനം. ലൈംഗികവിവേചനപ്രശ്നങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്ന ഫെമിനിസ്റ്റ് പ്രതിപാദനങ്ങൾ സാമ്യതയുടെ തത്വത്തിന്റെ പേരിൽ ജ്ഞാനോദ്ദീപനചിന്തയെ ദുർബലമാക്കുന്നു. ജ്ഞാനോദ്ദീപനചിന്തയുടെ സൃഷ്ടിയാണ് പൊതുക്കാര്യം/സ്വകാര്യം എന്ന വിഭജനം. ഇത് ഒരു ആഗോളതത്വത്തെ എങ്ങനെ വിസംവദിക്കുന്നു(contradict) വെന്ന് ഈ പ്രതിപാദനരീതികൾ ചൂണ്ടിക്കാണിക്കുന്നു. ഈ വിഭജനം സ്ത്രീയുടെ ജീവിതത്തെ വികാരത്തിന്റെ സ്വകാര്യലോകം, ഗൃഹം, ശരീരം മുതലായവയാൽ പരിമിതപ്പെടുത്തുന്നു. എന്നാൽ ഇത് പുരുഷന്റെ ജീവിതത്തെ വികാരത്തിന്റെ അനാവൃതലോകമായി വിപുലപ്പെടുത്തുന്നു. ഈ അർഥത്തിലാണ് ഫെമിനിസം ആന്തരികമായി ഒരു ഉത്തരാധുനിക പ്രതിപാദനമാകുന്നത്.

ഫെമിനിസ്റ്റ് സിദ്ധാന്തം വ്യാഖ്യാനാധിഷ്ഠിത (hermeneutics) പരിപ്രേക്ഷ്യവാദ (Perspectivism) ത്തെക്കുറിച്ച് ആത്മബോധത്തിലൂന്നിയ അറിവ് പകരുന്നു. ജ്ഞാനമീമാംസ(epistemology)യെ നിർവചിക്കുന്നതിനുള്ള ഫെമി

നിസത്തിന്റെ ശ്രമത്തിൽ ഒരു കേന്ദ്രീയ വൈരുധ്യം നിലനിൽക്കുന്നു. ഈ വൈരുധ്യത്തിന്റെ തിരിച്ചറിവ് ആത്മബോധദായകമാണ്. ശിശ്നീയ അനന്യത(gender identity) യെയും സമത്വത്തെയും കുറിച്ചുള്ള ഒരു അവബോധമാണ് ഫെമിനിസ്റ്റുകൾ അന്വേഷിക്കുന്നത്. ഫെമിനിസം വെല്ലുവിളിക്കുവാനും നശിപ്പിക്കുവാനും ആഗ്രഹിക്കുന്ന സംസ്കാരത്തിന്റെയും പ്രത്യയശാസ്ത്രഘടനയുടെയും സൃഷ്ടിയാണ് ഇവ. സ്ത്രൈണാനന്യത (female identity) സ്ഥിരീകരണത്തിന്റെയും നിരാകരണത്തിന്റെയും രൂപത്തിൽ പ്രകാശിപ്പിക്കാം. ഫെമിനിസ്റ്റ് പ്രതിപാദനത്തിൽ കൃത്രിമ അവബോധം ഉപേക്ഷിക്കുകയും സത്യസന്ധവും ആഴത്തിൽ മറഞ്ഞിരിക്കുന്നതുമായ ഒരു സ്ത്രീസ്വത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു. ചിന്താപ്രക്രിയയിലെ സ്ത്രീപുരുഷവ്യത്യാസമെന്ന ധാരണ ശിശ്നീയബന്ധങ്ങൾ മാതിരി പുരുഷാധിപത്യസൃഷ്ടിയാണ്. ഇവ സ്വീകരിക്കുന്നത് ഒരുപോലെ അപകടകരമാണ്. ആധുനികതയുടെ അടിസ്ഥാനപദ്ധതിയെന്ന നിലയിൽ ഫെമിനിസ്റ്റുകൾ ഈ ധാരണയെ എതിർക്കുന്നു.

## ഉത്തരാധുനികചിന്തകൾ

ആത്മാവിഷ്കാരക്ഷമമായ ഒരു പ്രതിപാദനരീതിയാണ് ഫെമിനിസം. ഈ നിലയിൽ ഫെമിനിസം ഉത്തരാധുനികതയ്ക്ക് സമാനമാണ്. ഉത്തരാധുനികതയിൽ ഉത്തരഘടനാവാദത്തിന്റെ പാഠങ്ങൾക്കൊപ്പം സംസ്കാരം, രാഷ്ട്രീയം, സൗന്ദര്യശാസ്ത്രം ഇവയിൽ നിലനിൽക്കുന്ന പ്രതിസന്ധിയും സന്നിവേശിപ്പിക്കപ്പെട്ടിരിക്കുന്നു. ഫെമിനിസത്തിന്റെ "വൈയക്തികമായതു രാഷ്ട്രീയപരമാണെ"ന്ന തത്വസംഹിതയ്ക്കുള്ള ഉത്തരാധുനികതയുടെ പ്രതികരണമാണ്. "പൂർണതയ്ക്കെതിരേയുള്ള യുദ്ധം." ഈ പ്രതികരണം ഫെമിനിസ്റ്റ് കൂട്ടായ്മയ്ക്കും കൂട്ടായ ഫെമിനിസ്റ്റ് പ്രവർത്തനത്തിനുമെതിരാണ്. ഫെമിനിസ്റ്റ് പ്രതിപാദനത്തിലെ യുക്തിയുടെ അതിപ്രസരം കുറയ്ക്കുന്നതിന് ഉത്തരാധുനികശൈലി സഹായിക്കുന്നു. ജ്ഞാനോദ്ദീപനപരമായ ആധുനികതയുടെ പ്രതിപാദനങ്ങൾ പിന്തുടരുന്നതിനും ജ്ഞാനമീമാംസ മെച്ചപ്പെടുത്തി പ്രയോഗിക്കുന്നതിനും ഉത്തരാധുനികത സഹായിക്കുന്നു. ആധുനികതയുടെ പ്രതിപാദനങ്ങളിൽ അടിസ്ഥാനമില്ലാത്ത ഒരു ഫെമിനിസത്തിന് സ്ത്രീസ്വാതന്ത്ര്യലബ്ധിക്കുള്ള ഒരു പ്രസ്ഥാനമായി നിലനിൽക്കുവാൻ സാധ്യമല്ല. ഉത്തരാധുനികസൗന്ദര്യശാസ്ത്രം പാരമ്പര്യപാഠ(text)ങ്ങളുടെ ആഖ്യാനതന്ത്ര(narrative strategy) മായി ഉപയോഗിക്കാം. ഉത്തരാധുനിക ആഖ്യാനങ്ങൾ ശൂന്യവാദപര(nihilist)മോ പ്രായോഗികതാവാദപര(pragmatism)മോ ആയ വിവക്ഷകളില്ലാത്ത ഒരു അനന്യത ആവിഷ്കരിക്കുന്നതിനുള്ള മാർഗമാണ്. എന്നാൽ അനുചിന്തന (reflectionist) സൗന്ദര്യശാസ്ത്രം പ്രതിനിധാനത്തെ പൂർവഘടനകളുടെയോ പ്രത്യയശാസ്ത്രങ്ങളുടെയോ പ്രതിഫലനമായി കാണുന്നു. ഈ സന്ദർഭത്തിലുദിക്കുന്ന അടിസ്ഥാന ചോദ്യങ്ങളാണ്:





1. സമകാലീന ലോകത്ത് ഉയർത്തിക്കാണിക്കപ്പെടുന്ന ഉത്തരാധുനികപ്രവണതയെ എതിർക്കുവാൻ ഫെമിനിസത്തിന് കഴിയുമോ?
2. ഫെമിനിസത്തിന് ആന്തരികമായി മതപരമായ ഈശ്വരാദേശ (apocalypse)ത്തിന്റെ പദഘടന(vocabulary)യെ എതിർത്തുകൊണ്ട് ജ്ഞാനോദ്ദീപനമീമാംസയുടെ വിമർശനത്തെ അംഗീകരിക്കുവാൻ കഴിയുമോ?

ഫെമിനിസ്റ്റുകളും ഉത്തരാധുനികസൈദ്ധാന്തികരും ഒരുപോലെ അഭിമുഖീകരിക്കുന്ന ജ്ഞാനമീമാംസാപരവും നീതിശാസ്ത്രപരവുമായ ആന്തരികവൈരുധ്യങ്ങളാണ് അനന്യതയെയും വ്യത്യാസങ്ങളെയും സംബന്ധിച്ച പ്രശ്നങ്ങൾ. ജ്ഞാനോദ്ദീപനത്തിന്റെ കേന്ദ്ര ആശയമായ സ്വാശ്രയത്വം ആത്മനിഷ്ഠതയുടെ വിഭിന്നമാതൃകകൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമാണ്. ആത്മനിഷ്ഠാപരമായ പരിവർത്തനം രാഷ്ട്രീയമാറ്റത്തിനുള്ള ഫെമിനിസ്റ്റ് അജണ്ടയുടെ പ്രവർത്തനാധാരമാണ്. വിമോചനവ്യഷ്ടിവാദ(individualism)ത്തിന്റെ അപനിർമാണവും പാരമ്പര്യസൗന്ദര്യശാസ്ത്രസങ്കൽപ്പനങ്ങളുടെ ശിഥിലീഭവിക്കലും ഉത്തരാധുനികകലയുടെയും സിദ്ധാന്തത്തിന്റെയും മുഖ്യലക്ഷ്യങ്ങളാണ്. സ്വാശ്രയപരമായ ആത്മനിർണയമാണ് ആത്മനിഷ്ഠതയെന്ന ജ്ഞാനോദ്ദീപന ആശയത്തിന്റെ പുനഃപരിശോധനയാണ് ഫെമിനിസവും ഉത്തരാധുനികതയും നിർവഹിക്കുന്നത്. ചരിത്രം, പാരമ്പര്യമൂല്യങ്ങൾ, ദൈവം, രാഷ്ട്രം മുതലായവയുമായി പരാമർശിക്കാതെ വ്യക്തിയെ നിർവചിക്കുന്നത് ഇവയുടെ പ്രത്യേകതയാണ്. ഇവ സൗന്ദര്യശാസ്ത്രത്തെയും അനന്യതയെ സംബന്ധിച്ച ദാർശനികധാരണയെയും ശുദ്ധമായ സ്വാശ്രയസത്തയായി പരിഗണിക്കുന്നു.

ഉത്തരാധുനികത ആധികാരികചിത്തത്തെ ഒരു കൽപ്പിതകഥയായും ചരിത്രത്തിന്റെ സർവോൽക്കൃഷ്ട ആഖ്യാനങ്ങ(master narratives)ളെ മിഥ്യയായും കാണുന്നു. നീതിശാസ്ത്രപരവും ഭാവനാത്മകവുമായ ആത്മനിഷ്ഠാപര അസ്തിത്വത്തെ സംബന്ധിച്ച ഉത്തരാധുനിക ഈശ്വരാദേശശൂന്യവാദം ഒരു ആദർശസ്വാശ്രയസ്വത്വത്തിനുവേണ്ടിയുള്ള ഗൃഹാതുരത്വത്തിന്റെ അടിസ്ഥാനമാണ്. ഗൃഹാതുരത്വം ചരിത്രത്തെ ആഗ്രഹത്തിന്റെ രൂപത്തിൽ പുനഃരചിക്കുന്നു. ഉത്തരാധുനിക ഈശ്വാരാദേശദർശനത്തിൽ മനോവിഭ്രാന്തിജന്യമായ ആന്തരികവിഭജനം (schizophrenic division) അപ്രായോഗികമായ ഒരു ആദർശത്തിനുവേണ്ടിയുള്ള നൈരന്തര്യമനോഗ്രസ്തി (obsession)യുടെ പ്രതികരണമാണ്. ഈ രൂപത്തിൽ ഉത്തരാധുനികത സ്വാശ്രയത്വത്തെ ഒരു കേവല അനന്യതയായി ബലപ്പെടുത്തുന്നു.

ഉത്തരാധുനികതയുടെ അപകേന്ദ്രീകൃതവും ശിഥിലവുമായ ആധികാരികചിത്തം ഈ പ്രസ്ഥാനത്തിന്റെ തന്നെ ഒരു സൃഷ്ടിയാണ്. ജ്ഞാനോദ്ദീ

പനചിന്ത, ജർമൻ ആദർശ ാദദർശനം, കാന്റിയൻ സൗന്ദര്യശാസ്ത്രം എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള സ്വാശ്രയ ആധികാരികചിത്തം ഒരു ആദർശം മാത്രമാണ്. ഇതിനെ അടിസ്ഥാനമാക്കിയുള്ള ഒരു സ്വത്വത്തെക്കുറിച്ച് പുനരാലോചിക്കേണ്ടിയിരിക്കുന്നു. ഒരു വികാരഘടനയായി ഈ സ്വത്വം ഉത്തരാധുനിക രചനകളിൽ ചിത്രീകരിക്കപ്പെടുന്നു. വൈയക്തികസ്വാശ്രയത്വം, ആത്മാവിഷ്കാരം, ആത്മനിർണയം എന്നിവ ഫെമിനിസത്തെ ആദർശങ്ങളുടെ പുനരൂപീകരണത്തിനും രൂപാന്തരത്തിനും സഹായിക്കുന്നു.

സൈദ്ധാന്തികമായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽപ്പോലും അതീന്ദ്രിയത്വത്തിന്റെയും യുക്തിയുടെയും പദാവലികളാൽ നിർവചിക്കാവുന്ന ഒരു ആദർശ ആത്മനിഷ്ഠത ആധുനികതയ്ക്കും ഉത്തരാധുനികതയ്ക്കും പൊതുവായ പൈതൃകമായിട്ടുണ്ട്. ഉത്തരാധുനികത ഈ ആദർശത്തിന്റെ പ്രത്യക്ഷമായ പരാജയത്തോടുള്ള പ്രതികരണമാണ്. ആത്മനിഷ്ഠതയെ സംബന്ധിച്ച ഈ ധാരണ ഡെസ്ക്കാർട്ടെസ് (Descartes)ന്റെ അഹം ("I"), കാന്റ് (Kant) ന്റെ വിഭാഗീയ (categorical) വിധിരൂപ(imperatives)ങ്ങൾ, നീഷെ (Nietzche) യുടെ അതിമാനുഷൻ (Ubermensch), ലാക്കന്റെ (Lacan) ശിശ്നകേന്ദ്രിത (phallogocentric) പ്രതീകക്രമം (symbolic order) മുതലായവയുടെ രൂപത്തിൽ ആവിഷ്കരിക്കാം. ഇവയെല്ലാം തന്നെ വൈകാരികതയുടെയും അമൂർത്തമായ ധിഷണയുടെ പരാജയത്തിന്റെയും പേരിൽ സ്ത്രീകളെ അവഗണിക്കുന്നു. ഇതേ സമീപനം തത്വചിന്തയിലും സാഹിത്യത്തിലും പുനരാവിഷ്കരിക്കപ്പെടുന്നു. സാഹചര്യങ്ങളിൽ മാറ്റമില്ലെങ്കിലും പുരുഷാധിപത്യാധിഷ്ഠിതമായ സംക്രമണആഖ്യാനങ്ങൾ (meta narratives) ഉത്തരാധുനിക ശൈലിയുടെ കാര്യക്ഷമതയെ സൂചിപ്പിക്കുന്നു. സ്ത്രൈണഭാവത്തിന്റെ ഒരു ആലങ്കാരികദർശനത്തിൽ ഇവ ഉത്തരാധുനിക സിദ്ധാന്തത്തിന്റെ പ്രതീകങ്ങളാണ്.

സ്വത്വവും അപ്രായോഗികമായ ഒരു ആദർശസ്വാശ്രയത്വവും തമ്മിലുള്ള സാത്മീഭാവം ഉത്തരാധുനിക പ്രതിപാദനത്തിന്റെ സവിശേഷതയാണ്. ഇതിന്റെ ഫലമായി പുരുഷന്മാരായ ഉത്തരാധുനിക എഴുത്തുകാർ തങ്ങളുടെ പാഠങ്ങളിൽ സ്നേഹവും മനുഷ്യബന്ധങ്ങളും ആവിഷ്കരിക്കുന്നതിൽ പരാജയപ്പെടുന്നു. ഈ ആശയത്തിന് അതീതമായ ഒരു സ്വത്വത്തെക്കുറിച്ച് പുനരാലോചിക്കുവാൻ ഫെമിനിസ്റ്റുകൾക്ക് കഴിയുന്നു. നിർവ്യക്തികവും ചരിത്രപരവുമായ നിയതഘടകങ്ങ(determinants)ളെ ജീവിതാനുഭവങ്ങളിൽക്കൂടി അറിയണമെന്ന് ഫെമിനിസ്റ്റ് സിദ്ധാന്തം ഊന്നിപ്പറയുന്നു. സ്ത്രീകളുടെ ചരിത്രാനുഭവങ്ങൾ അവരിൽ ശക്തമായ മാനവികമൂല്യങ്ങൾ വളർത്തുന്നു. ഗൃഹവും പ്രവൃത്തിയും, കുടുംബവും സമൂഹവും തുടങ്ങിയ വിരുദ്ധചോദനളുടെ ആത്മനിഷ്ഠമായ അനുഭവങ്ങളിൽ രൂഢമൂലമാണ് ഫെമിനിസ്റ്റ് സിദ്ധാന്തം.





സ്വതന്ത്രസ്വത്വത്തെയും ഉത്തരാധുനികതയുടെ അപകേന്ദ്രീകൃത (decentered) സ്വത്വത്തെയും സഹജവും സാർവത്രികവുമായ പ്രേരകശക്തികൾ ആധിപത്യം പുലർത്തുന്ന മനസ്സിന്റെ അബോധതലത്തെ സംബന്ധിച്ച ഫ്രോയിഡിയൻ (Freudian) സംജ്ഞകൾ കൊണ്ടു വിശദമാക്കുവാൻ കഴിയും. സ്വതന്ത്രസ്വത്വത്തിന്റെ കാര്യത്തിൽ യുക്തിയുടെ രൂപത്തിൽ 'അഹ' (ego) ത്തിന് ഈ പ്രേരകശക്തികളെ മാനസികാന്തരമായി നിയന്ത്രിക്കുവാൻ കഴിയും. ഉത്തരാധുനികതയുടെ അപകേന്ദ്രീകൃത സ്വത്വത്തിന്റെ കാര്യത്തിൽ യുക്തി തകരുന്നതായിക്കാണാം. അങ്ങനെ ഇച്ഛയുടെ ക്രമഭംഗമായിത്തീരുന്ന നിർവ്യക്തികമായ അവബോധതല ഊർജം പാഠത്തിന്റെ സൂചിതാർഥ (signifier) ങ്ങളായി സ്വതന്ത്രമാക്കപ്പെടുന്നു.

ആത്മനിഷ്ഠതയുടെ സാധ്യമായ മറ്റു മാതൃകകളുമുണ്ട്. "സ്വാത്മപ്രേമത്തെക്കുറിച്ച് (On Narcissism)" എന്ന പ്രബന്ധത്തിൽ ഫ്രോയിഡ് അഭിപ്രായപ്പെടുന്നത് ശ്രദ്ധിക്കാം: "ഒരു ശക്തമായ അഹംഭാവം രോഗം വരാതിരിക്കുന്നതിനുള്ള ഒരു പ്രതിരോധമാണ്. ഒരു അവസാനമാർഗമെന്ന നിലയിൽ രോഗം വരാതിരിക്കുന്നതിന് നാം നമ്മെ സ്നേഹിച്ചുതുടങ്ങണം. മോഹഭംഗത്തിന്റെ ഫലമായി നമുക്ക് നമ്മെ സ്നേഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമുക്ക് രോഗം വരാം (1957:85). വൈയക്തിക അനന്യതയുടെ വളർച്ചയിൽ കുട്ടി മാതാപിതാക്കളിൽ നിന്ന് വ്യത്യസ്തവും പക്ഷേ, മാതാപിതാക്കളെ ആശ്രയിക്കുന്നതുമായ ഒരു ജീവിയാണ് താനെന്ന് ചിന്തിക്കുന്നു. തിരിച്ചറിവിനുള്ള ഈ കഴിവ് സ്വത്വവും അപര(others)രും തമ്മിലുള്ള അതിരുകൾ വികസിക്കുന്നതിനൊപ്പം വളരുന്നു. തന്റെ അനന്യത ചോദ്യംചെയ്യപ്പെടുന്നതായ ഒരു അനുഭ മില്ലാതെ തന്നെ കുട്ടിയിൽ ഈ വളർച്ചകൾ സഹജമായി ഉണ്ടാകുന്നു. ഈ സന്ദർഭത്തിൽ ജോവാൻ റിവിയ (Joan Rivie're) യുടെ അഭിപ്രായം പ്രസക്തമാണ്: "മറ്റ് മനുഷ്യജീവികളുമായി ഇടപഴകാത്ത സംശുദ്ധവും ലളിതവുമായ ഒരു മനുഷ്യജീവിയുമില്ല. നമ്മിൽ ഒരാൾ മറ്റൊരാളുടെ അംഗമാണ്" (68). അതുകൊണ്ട്, സ്വത്വം ഏകകാലത്തുതന്നെ സ്ഥിരവും ദ്രവവുമാണ്. സദാ മാറ്റത്തിന് സന്നദ്ധമായ സ്വത്വം അപരരുമായ അഭിമുഖങ്ങളിലൂടെ സ്വയം വീണ്ടും കണ്ടെത്തുവാൻ ശ്രമിക്കുന്നു. ഇത് പൂർണമായ ആത്മനിർണയത്തിനുള്ള സാധ്യതകൾ തള്ളിക്കളയുന്നു.

ലോകത്തിനും പുരുഷനും സ്ത്രീയോടുള്ള സമീപനത്തെ എങ്ങനെ ന്യായീകരിക്കാമെന്നു നോക്കാം. സാർത്ര് (Sartre) ന്റെ അഭിപ്രായത്തിൽ 'മലക്കെ തുറക്കപ്പെട്ട ഏതിന്റെയും അശ്ലീലതയാണ്" സ്ത്രീ പ്രതിനിധീകരിക്കുന്നത്. ഈ അഭിപ്രായം സ്ത്രീയോടും സ്ത്രൈണവൽക്കരിക്കപ്പെട്ട പ്രകൃതിയോടുമുള്ള പുരുഷന്റെ പ്രയോജക(instrumental) സമീപനത്തെ സാധൂകരിക്കുന്നു. സ്ത്രൈണവൽക്കരിക്കപ്പെട്ട പ്രകൃതി വിദൂരയും നിയന്ത്രിതയും

13-2000 14

മനോഹരിയും ശാന്തയുമാകുന്നു. സ്ത്രീകൾ അനിയന്ത്രിതമായവയെല്ലാം വഹിക്കുന്നതോടൊപ്പം സംസ്കാരത്തിന്റെ അതിർത്തികൾ നഷ്ടപ്പെടുമെന്ന ഭീതിയും മനസ്സിലേറ്റുന്നു. സ്ത്രീസ്വത്വത്തിന്റെ അബോധവിഭജനത്തിലൂടെ ആത്മനിഷ്ഠതയുടെ സംശുദ്ധി, മാനുഷികഭാവമായ സ്വാശ്രയത്വം, യുക്തി, അതീന്ദ്രിയത്വം മുതലായവ നിലനിർത്തുന്നു.

ഫെമിനിസ്റ്റ് സിദ്ധാന്തത്തിലും വിമർശനത്തിലും കർശനമായ നിർവ്യക്തികത(impersonality)യും രൂപവാദ(formation) വും നിലനിർത്തുന്നതിന് കാർട്ടീഷ്യൻ (Cartesian) ദ്വൈതവാദം (dualism) സഹായിക്കുന്നു. സ്ത്രൈണാനന്യത മനസ്സിലാക്കുന്നതിന് ആപേക്ഷികവും അന്തർവിഷയപരവുമായ പദാവലികൾ സഹായിക്കുന്നു. ശിശ്നം ഒരു നൈരന്തര്യപ്രക്രിയയാണ്. ഉത്തരാധുനിക സൈദ്ധാന്തികമാതൃകകൾ ശിശ്നത്തിന് സമാനമായ അനന്യതാബോധം ഉൽഘോഷിക്കുന്നു. അഹം ഒരു സാംസ്കാരികസൃഷ്ടിയാണെന്ന് ഫ്രോയിഡ് അഭിപ്രായപ്പെടുന്നു. അഹത്തെ വിയോഗം, നിർവ്യക്തിത്വം, യുക്തി ഇവയുടെ രൂപത്തിൽ നിർവചിക്കാമെങ്കിൽ, സംസ്കാരത്തിന് വിഭക്തവും വികലവുമായ മനുഷ്യജീവികളെ മാത്രമേ സൃഷ്ടിക്കുവാനാകൂ. ഇവയുടെ യുക്തിരഹിതമായ ആഗ്രഹത്തിലേക്കുള്ള ലയനം, ജ്ഞാനോദ്ദീപനദർശനത്തിന്റെ ഒരു ഏകാന്തരമാണെന്ന് ഫെമിനിസ്റ്റ് പ്രതിപാദനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

കലാസാഹിത്യമേഖലകളിൽ പ്രയോഗിക്കാവുന്ന ഒരു രാഷ്ട്രീയമാണ് ലൈംഗികരാഷ്ട്രീയം. ഇത് ഉത്തരാധുനികതയ്ക്ക് ഫെമിനിസം നൽകിയ സംഭാവനയാണ്. ഇതേ സമയം ഉത്തരാധുനികത ഫെമിനിസത്തിന് ഒരു പുതിയ സങ്കൽപ്പന ചട്ടക്കൂട് നൽകുന്നു. വ്യത്യസ്തസമീപനങ്ങൾ തമ്മിലുള്ള വൈവിധ്യവും വൈരുധ്യവും ഉജ്ജ്വലപ്രകാശനം ചെയ്യുന്നതിന് ഇത് സഹായിക്കുന്നു. ഉത്തരാധുനികതയെ സംബന്ധിച്ച മൂന്ന് പ്രധാന ചിന്താഗതികൾ നിലവിലുണ്ട്. ചില സൈദ്ധാന്തികർ ഉത്തരാധുനികതയെ ആധുനികതയുടെ ദുഷിപ്പായി കരുതുന്നു. ഫൂക്കോ (Foucault), ഡെറിഡാ (Derrida), ബാറ്റൈൽ (Bataille) മുതലായ സൈദ്ധാന്തികർ "കർമത്തിന്റെയും ഉപയോഗക്ഷമതയുടെയും വിധിരൂപങ്ങളിൽ നിന്ന് മുക്തമായ ഒരു അപകേന്ദ്രീകൃത ആത്മനിഷ്ഠതയുടെ വെളിപ്പെടുത്തലുകൾ തങ്ങളുടേതാണെന്ന് അവകാശപ്പെടുന്നു" (Foster 14). മറ്റു ചിലർ ഉത്തരാധുനികതയെ നിഷേധാത്മകമായി പരിഗണിക്കുന്നു. പ്രത്യേകിച്ചും, ഉത്തരാധുനികതയുടെ ഉപഭോഗമുതലാളിത്തം യുക്തിക്ക് നൽകുന്ന പരിപോഷണത്തെ അവർ എതിർക്കുന്നു. ഇതിൽ നിലീനമായ രാഷ്ട്രീയമാനം ത്യജിച്ചുകൊണ്ട് മുന്നോടി ലേഖകവർഗ(avant garde) ത്തിന്റെ കലയെയും സാമൂഹികജീവിതത്തെയും സംബന്ധിച്ച രൂപവാദനിർഗതി(formal resolution) യുടെ വിഡംബന(parody) ത്തിനുള്ള പ്രവണത ഉത്തരാധുനികതയുടെ സവിശേഷതയാണ് (Hoster 125). ആധുനികകലാസാഹി





ത്യരൂപങ്ങളിലെ മൂകാഭിനയ(mime) വും വിഡംബനകാവ്യ(parody)വും ഇതിനു ദാഹരണങ്ങളാണ്. മറ്റു ചിലർ ഇതിനെ വിധ്യാത്മകമായി പരിഗണിക്കുന്നു. അവർ ഉത്തരാധുനികതയെ സമവായം, കലാകാരൻ, എഴുത്തുകാരൻ ഇവയുടെ മേൽ വ്യത്യസ്തതയ്ക്കുള്ള വിജയമായി കണക്കാക്കുന്നു. ടെറി ഈഗിൽടന്റെ (Terry Eagleton) അഭിപ്രായത്തിൽ ഉത്തരാധുനികയുഗത്തിലെ കലാകാരന്മാർ കലാനിയമങ്ങളുടെ സഹായമില്ലാതെ കലാസൃഷ്ടി കർമം നടത്തുകയും അതിലൂടെ പുതിയ കലാനിയമങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു (61). ഇത് ഏതൊരു രൂപത്തിലുമുള്ള പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനതയെ പ്രതിരോധിക്കുന്നതിന് സഹായിക്കുന്നു.

ഏത് തരത്തിലുമുള്ള സ്ഥൂലാർഥത്തോടുള്ള പ്രതിരോധമാണ് ഉത്തരാധുനികതയിലെ പുരോഗമനശക്തിയുടെ കാതൽ. പുരുഷാധിപത്യത്തെ സംബന്ധിക്കുന്ന ഫെമിനിസ്റ്റ് വിമർശനവും പ്രതിനിധാനത്തെ സംബന്ധിക്കുന്ന ഉത്തരാധുനികവിമർശനവും ഫലപ്രദമായി സന്ധിക്കുന്നതായി ലോറ മൽവി (Laura Mulvey) അഭിപ്രായപ്പെടുന്നു. ഉത്തരാധുനികതയുടെ രാഷ്ട്രീയത്തിൽ പ്രതിനിധാനത്തിന്റെ ആവിഷ്കരണശക്തി വൈദേശികവും വിദേശവൽക്കരിക്കപ്പെട്ടതുമായ പ്രതിനിധാനങ്ങൾക്ക് പ്രാമുഖ്യമുള്ള എഴുത്തുകാരുടെ ഗ്രൂപ്പുകൾ തീവ്രാകാംക്ഷയോടെ അന്വേഷിക്കുന്നു.

അനവധി സവിശേഷമായ സാംസ്കാരികപ്രയോഗങ്ങളിൽ അർഥതലങ്ങളുടെ സൃഷ്ടി, വിതരണം, രൂപാന്തരണം എന്നിവയുടെ ഉത്തരവാദിത്വം സ്വാതന്ത്ര്യത്തിനുള്ള ഒരു പോരാട്ടമായി ഫെമിനിസ്റ്റുകൾ ഏറ്റെടുക്കുന്നു.

ജെർട്രൂഡ് കോഷ് (Gertrude Koch)ന്റെ അഭിപ്രായത്തിൽ, ഈ സംരംഭത്തിൽ ഫെമിനിസ്റ്റ് പ്രതിപാദനം ഉത്തരാധുനികപ്രതിപാദനത്തിന് സമാനമാണ്. എതിർപ്പുകളിലൂന്നാതെ വ്യത്യാസങ്ങളെക്കുറിച്ച് ചിന്തിക്കുകയും വിദ്വേഷമില്ലാതെ വ്യത്യസ്തമായ ചിന്താഗതികൾ പ്രകടിപ്പിക്കുകയുമാണ് ഇവയുടെ ലക്ഷ്യം. ഉത്തരാധുനികതയുടെ പിൻബലമുള്ള ഫെമിനിസ്റ്റുകൾക്ക് തങ്ങളുടെ സിദ്ധാന്തങ്ങളിലൂടെ പുരോഗമനപരമായ മാറ്റങ്ങൾ വരുത്തുവാൻ വേഗത്തിൽ കഴിയും. ഉത്തരാധുനിക ഫെമിനിസ്റ്റ് പദ്ധതികൾ കല, വിമർശനം, സിദ്ധാന്തം തുടങ്ങിയവയുടെ പ്രതിപാദനങ്ങളുടെ അതിർത്തികൾ മനപ്പൂർവം ലംഘിക്കുന്നു.

ഉത്തരാധുനികതയും ഫെമിനിസവും പരസ്പരം ലൈംഗികരാഷ്ട്രീയ (Sexual politics) ത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു പ്രത്യേകമേഖലയാണ് ചലച്ചിത്രസിദ്ധാന്തം. മർദകപ്രത്യയശാസ്ത്രങ്ങളായ പുരുഷാധിപത്യം, വർണവിവേചനം, മുതലാളിത്തം മുതലായവയുടെ പ്രചാരത്തിനുവേണ്ടി ഫാന്റസി അഥവാ അതികൽപ്പന ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് ഇവയുടെ

അന്തർഭാവം സഹായിക്കുന്നു. പുരുഷവർഗത്തിന്റെ ലക്ഷ്യങ്ങൾക്കു വേണ്ടി പുരുഷവീക്ഷണത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജഢപൂജവൽക്കരിക്കപ്പെട്ട (fertilized) സ്ത്രീബിംബങ്ങളുടെ ചിത്രീകരണത്തിനെതിരായ സമർഥവും പ്രസക്തവുമായ ഒരു വിമർശനം ചലച്ചിത്രസിദ്ധാന്തം പ്രദാനം ചെയ്യുന്നു. കാഴ്ച അഥവാ ദൃശ്യം ലൈംഗികവിവേചനപരമാണെന്ന ഒരു വിമർശന സമീപനം മനോവിശ്ലേഷണം നൽകുന്നുണ്ട്. ഫ്രോയിഡിന്റെ വീക്ഷണത്തിൽ ശിശുദൃഷ്ടിയിലൂടെയാണ് ലൈംഗികവ്യത്യാസം കണ്ടെത്തുന്നത്. അതിനാൽ, പെൺകുട്ടി ലൈംഗികാവയവത്തെ സ്ത്രൈണാനന്യതയുടെ സവിശേഷ സൂചിതാർഥ(signifier) മായി സ്ഥാപിക്കുന്നു. ചലച്ചിത്രദൃഷ്ടിയെ പുരുഷാധി പത്യസമൂഹത്തിലെ ഒരു പുരുഷദൃഷ്ടിയായി പരിഗണിക്കുന്നു. ഇത് ദൃശ്യ തയുടെ പുരുഷമേഖലയിലെ ഒരു പ്രേക്ഷകന്റെ നോട്ടത്താൽ സൃഷ്ടിക്കപ്പെ ട്ടതാണ്. സ്ത്രീയുടെ ചിത്രീകരണത്തിലെ പുരുഷമാർഗങ്ങൾ റദ്ദ് ചെയ്യുന്ന തിനുള്ള നിർദേശങ്ങൾ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളിൽ അടങ്ങിയിട്ടുണ്ട്. മൽവി യുടെ അഭിപ്രായത്തിൽ സ്ത്രീകൾ നിർമിക്കുന്ന ചലച്ചിത്രത്തിലെ മുഖ്യമായ ലക്ഷ്യങ്ങൾ പുരുഷകേന്ദ്രിത ആഖ്യാനങ്ങളുടെയും പുരുഷമാതൃകകളുടെ ദൃശ്യസുഖത്തിന്റെയും നശീകരണമാണ്. ഇത്തരം ചലച്ചിത്രങ്ങളിൽ സ്ത്രീകേ ന്ദ്രിത ആഖ്യാനരൂപങ്ങളും സ്ത്രൈണോന്മുഖമായ ദർശനസംതൃപ്തിയും പരീക്ഷിക്കപ്പെടുന്നു. കോഷിന്റെ അഭിപ്രായത്തിൽ ഒരു ഫെമിനിസ്റ്റ് സൗന്ദര്യ വൽക്കരണമല്ല, മറിച്ച് ഒരു ഫെമിനിസ്റ്റ് അപസൗന്ദര്യവൽക്കരണമാണ് ഫെമി നിസ്റ്റ് ചലച്ചിത്രസിദ്ധാന്തങ്ങളിലടങ്ങിയിരിക്കുന്നത്. ഈ ചലച്ചിത്രങ്ങൾ, ഉത്ത രാധുനികപ്രതിപാദനങ്ങൾപോലെ, മുന്നോടി ലേഖകവർഗത്തിന്റെ വിധ്വംസ കസൗന്ദര്യശാസ്ത്രം നിരാകരിക്കുന്നു. സൗന്ദര്യശാസ്ത്രത്തെ സംബന്ധി ക്കുന്ന പാരമ്പര്യധാരണയുടെ തിരസ്കരണം ആവശ്യമായ ഒരു പ്രതിനിധാ നത്തെ എതിർക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഉത്തരാധുനിക ഫെമിനിസ്റ്റ് പദ്ധ തിയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത കല, വിമർശനം, സിദ്ധാന്തം ഇവയുടെ അതിർവരമ്പുകൾ ഉല്ലംഘിക്കപ്പെടുന്നുവെന്നതാണല്ലോ? സൗന്ദര്യ ശാസ്ത്രത്തിന്റെ സ്വാശ്രയത്വത്തിന് ഊന്നൽ നൽകുന്ന ആധുനികത ഇത്തരം ഒരു സാഹചര്യം അനുവദിക്കുന്നില്ല. ലാക്കന്റെ സ്വാധീനതയുള്ള ജൂലിയാ ക്രിസ്റ്റേവ (Julia Kristeva), ഹെലൻ സിക്സസ് (Helene Cixous) എന്നീ ഫെമി നിസ്റ്റുകൾ തങ്ങളുടെ സിദ്ധാന്തങ്ങളുടെ വിശദീകരണത്തിനിടയിൽ പ്രത്യ ക്ഷമായ ഒരു ഉത്തരാധുനിക രചനാരീതി പ്രയോഗിച്ചുപോരുന്നു.

സാന്ദ്രാ ഹാർഡിങ്ങി (Sandra Harding) ന്റെ അഭിപ്രായത്തിൽ ഫെമിനി സത്തിന് ഒരു ദ്വിതലധർമമുണ്ട്. ഫെമിനിസം ആഗോളപ്രതിബദ്ധതയിൽ ഏകീ കൃതമായ ഒരു പ്രസ്ഥാനമാണ്. പുരുഷാധിപത്യസമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീപീഡനം ഇല്ലായ്മ ചെയ്യുവാൻ ഫെമിനിസ്റ്റുകൾ ശ്രമിക്കേണ്ടതാണ്. വർഗം, വർണം ഇവയെ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന വിധ്യാത്മക





പ്രസ്ഥാനങ്ങളുടെ പ്രതിനിധാനത്തെ സംബന്ധിച്ച് ഫെമിനിസം ബഹുവാച്യ (poly vocal) മായി പ്രവർത്തിക്കേണ്ടതാണ്. ശാസ്ത്രീയലോകവും രാഷ്ട്രീയപ്രതിബദ്ധതയും തമ്മിലുള്ള ബന്ധം അനിവാര്യമാണ്. ഇതിനെക്കുറിച്ച് വിമർശനാത്മകമായ പരിജ്ഞാനമുള്ള ഒരു ശാസ്ത്രത്തിന്റെ ആവശ്യകതയ്ക്ക് ഹാർഡിങ് ഊന്നൽ നൽകുന്നു. ചില വൈരുധ്യാത്മകക്രമീകരണങ്ങളുടെ ആവശ്യത്തിലേക്കാണവർ വിരൽചൂണ്ടുന്നത്. ശാസ്ത്രത്തിനുള്ളിൽ നിലനിൽക്കുന്ന വൈരുധ്യാത്മകതയെ അംഗീകരിക്കുമ്പോഴാണ് ശാസ്ത്രം ഉത്തരാധുനികമായി മാറുന്നത്. പുരുഷാധിപത്യം, പാരമ്പര്യശാസ്ത്രംപോലെ, ശിശ്നകേന്ദ്രിതമായ ഒരു ആദർശവൽക്കൃത വ്യവസ്ഥയുടെ ദൃഷ്ടാന്തമാണ്. ശാസ്ത്രത്തിന്റെ ഉത്തരാധുനികവെല്ലുവിളികൾ ഫെമിനിസ്റ്റ് പദ്ധതികളുടെ അന്വേഷണദൗത്യം വിപുലീകരിക്കുന്നു.

സംകേതനം ചെയ്യപ്പെട്ട (encoded) പ്രക്ഷേപ്യ(projection)ങ്ങളുള്ള സ്ത്രീലോകങ്ങളെ പൊതുവായ ഒരു വിസംകേതന(decoding)പ്രക്രിയയ്ക്ക് വിധേയമാക്കുന്ന രീതി ഫെമിനിസ്റ്റ് പദ്ധതി നടപ്പാക്കുന്നു. വ്യക്തികളായ സ്ത്രീകൾക്ക് ഒരു പ്രതിപാദനത്തിലേക്ക് പ്രവേശനം നിഷേധിക്കുന്ന ചില പ്രക്രിയകളുണ്ട്. ഇവയെ പരിശോധിക്കുന്ന ചിന്ത, രചന, ഭാഷണം മുതലായവയുടെ വിഭിന്നമാർഗങ്ങൾ ഫെമിനിസത്തിൽ ഉൾപ്പെടുന്നു. സ്ത്രീവർഗത്തിന്റെ മനശ്ശരീരങ്ങളുടെ സ്വഭാവം നിർണയിക്കുന്നവയാണ് മിക്ക ഫെമിനിസ്റ്റ് സാഹിത്യസിദ്ധാന്തങ്ങളും. ഫെമിനിസ്റ്റ് സാഹിത്യവിമർശകർ ഒരു സാഹിത്യപാഠത്തിന്റെ വിധ്വംസകമായ ഒരു വായനയോ സ്ത്രൈണതയെ സൂചിപ്പിക്കുന്ന ബിംബങ്ങളുടെ പരിവർത്തിതരൂപങ്ങളോ മാത്രമല്ല നൽകുന്നത്. നിലവിലുള്ള അധികാരഘടനയ്ക്കും അതിന്റെ നിഷ്പക്ഷതയെ സംബന്ധിച്ച അവകാശവാദങ്ങൾക്കും ഒരു നിരന്തരമായ വെല്ലുവിളികൂടി അവർ ഒരുക്കുന്നു. ഫെമിനിസ്റ്റ് പ്രതിപാദനം ഉൾപ്പെടെ ഈ ലോകത്ത് യാതൊന്നും തന്നെ നിഷ്പക്ഷമല്ലെന്ന് ഫെമിനിസം തെളിയിക്കുന്നു. ഫെമിനിസത്തിന്റെ ഗതിശീല (dynamic) സ്വഭാവത്തെക്കുറിച്ചുള്ള ഏറ്റവും വ്യക്തമായ സൂചനയാണ് ഈ പ്രതിപാദനരീതിയുടെ അന്തർഘടനയിൽ നിലനിൽക്കുന്ന വ്യത്യാസങ്ങൾ.

ഫെമിനിസ്റ്റ് വിമർശനം പ്രതിജ്ഞാബദ്ധമായ ഒരു രാഷ്ട്രീയവിമർശനമാണ്. ഒരു ഫെമിനിസ്റ്റ് സാഹിത്യകൃതി പ്രത്യയശാസ്ത്രത്തിന്റെയും സൗന്ദര്യശാസ്ത്രത്തിന്റെയും വിരുദ്ധചോദനങ്ങൾക്ക് വിധേയമാണ്. ഫെമിനിസ്ററ് ചരിത്രകാരിയുടെ ശ്രമങ്ങൾ സാഹിത്യത്തിൽ സ്ത്രീയുടെ ചരിത്രപരമായ അദൃശ്യത പരിഹരിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഫ്രെഞ്ച് ഫെമിനിസ്റ്റ് വിമർശനത്തിന്റെ സ്വാധീനതയിൽ ഹെലൻഡിക്സസ്, ലൂസി ഇറിഗാറേ (Luce Irigaray), ജൂലിയ ക്രിസ്റ്റേവ തുടങ്ങിയവർ സ്ത്രൈണലൈംഗികത (female

sexuality) വിധ്വംസകവും പുരുഷാധിപത്യവിരുദ്ധവുമായ പാഠ്യത (texuality) യാണെന്ന് സ്ഥാപിക്കുന്നു. ഗാത്രഭാഷ (body language) സ്ത്രീരചനയുടെ ഒരു സാമഗ്രിയായതുകൊണ്ട്, സ്ത്രീഗാത്രം പാഠവിശകലനത്തിനുള്ള ഒരു പുതിയ മേഖലയാണ്.

അപനിർമാണം, ഉത്തരഘടനാവാദം, ലാക്കേണിയൻ (Lacanian) മനോവിശ്ലേഷണം (Psychoanalysis) മുതലായവ സിദ്ധാന്തത്തിന്റെയും സാമൂഹിക ശാസ്ത്രത്തിന്റെയും പ്രാധാന്യത്തിന് ഊന്നൽ നൽകുന്നു. ഫെമിനിസ്റ്റ് വിമർശനം വിവ്രജമായ (diverging) പ്രത്യയശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ മൂന്ന് വിഭിന്നവിശകലനമാർഗങ്ങളിൽ എത്തിച്ചേരുന്നു:

1. ഒരു സാഹിത്യപാഠം അനുവാചകന്റെ പ്രതികരണത്തിനോ ബൗദ്ധികാനുഭവത്തിനോ അടിസ്ഥാനമാണെന്ന ധാരണയെ പിന്തുണയ്ക്കുന്ന പാരമ്പര്യവിമർശനധാരയ്ക്ക് സ്വതന്ത്രമായ ഒരു ഫെമിനിസ്റ്റ് ഊന്നൽ നൽകുന്ന പ്രവണത.
2. സ്ത്രൈണാനന്യതയെ സാധൂകരിക്കുന്ന, അനുകരണമെന്ന നിലയിലുള്ള സാഹിത്യത്തിന്റെ പുരോഗമനപരവും സാംസ്കാരികവുമായ നിർവ്യക്തീകരണം.
3. സാഹിത്യം പ്രത്യയശാസ്ത്രപരമായി മുദ്രപതിപ്പിക്കപ്പെട്ട ഒരു പ്രതിനിധീകരണമാണെന്ന നിലയിലുള്ള ഭൗതികാത്മകഫെമിനിസ്റ്റു സമീപനം.

ഈ മൂന്ന് സമീപനങ്ങളും പരസ്പരസംഘർഷത്തിലാണ്.

ബാർത്ത്സ് (Barthes) ന്റെ "ഗ്രന്ഥകാരന്റെ മരണം" എന്ന സിദ്ധാന്തം എഴുത്തുകാരന്റെ പ്രമാണിത്തത്തെ വിസ്ഥാപനം ചെയ്തിരിക്കുന്നു. വ്യാഖ്യാനശാസ്ത്രത്തിന്റെ മേഖലയിലാണ് അർഥാന്തരങ്ങൾ സൃഷ്ടിക്കപ്പെടുന്നതെന്ന് ഈ സിദ്ധാന്തം സ്ഥാപിക്കുന്നു. തത്ഫലമായി അർഥങ്ങളുടെ സൃഷ്ടിയിൽ അനുവാചകൻ ഊർജസ്വലനായ ഒരു പങ്കാളിയായി മാറുന്നു. ഉത്തരഘടനാവാദം പാഠത്തെ ആദർശവൽക്കരിക്കുകയും വായനക്കാരൻ പ്രതികരിക്കുന്ന അർഥങ്ങളുടെ ചരിത്രപരമായ സ്വഭാവത്തെ ദൃഢപ്പെടുത്തുകയും ചെയ്യുന്നു. ഇത് സ്ത്രൈണാനന്യതയെ സാധൂകരിക്കുന്നതിൽ ഫെമിനിസ്റ്റ് വിമർശനത്തിന് ഒരു ഭീഷണിയാണ്. അനന്യത ഫെമിനിസ്റ്റ് സാഹിത്യത്തിൽ ഏറ്റവും സങ്കീർണമായ പ്രശ്നമാണ്. അതുകൊണ്ട് ഫെമിനിസത്തിന്റെ ഏറ്റവും വലിയ ദൗത്യം അനന്യതയെയും സ്വത്വത്തെയും സംബന്ധിച്ച സിദ്ധാന്തങ്ങൾ സമന്വയിപ്പിക്കുന്നതിൽ നിലകൊള്ളുന്നു.

ഫെമിനിസത്തിൽ നിലനിൽക്കുന്ന അനന്യതാരാഷ്ട്രീയം (identity politics) സ്വത്വത്തെ സംബന്ധിച്ച ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ എതിർക്കുന്നതിൽ സഹായകമാകുന്നു. അനന്യതാരാഷ്ട്രീയം വർഗം, വർണം, ലൈംഗി





കത ഇവയിലുള്ള സ്ത്രീയുടെ സ്ഥാനത്തെ ആധാരമാക്കി സ്ത്രൈണ ആത്മനിഷ്ഠത നിർവചിക്കുന്നു. ഏതൊരു സാമൂഹികവ്യവസ്ഥിതിയിലും സ്ത്രീയുടെ ആത്മനിഷ്ഠതയുടെ സ്ഥാനം കാര്യക്ഷമമായി നശിപ്പിക്കുവാൻ പുരുഷകേന്ദ്രിത സംസ്കാരത്തിന് കഴിയും. സൈദ്ധാന്തികമേഖലകളിൽ സൃഷ്ടിക്കപ്പെടുന്ന വർഗം, വർണം, ശിശ്നം ഇവ ചരിത്രപരിണാമത്തിനുള്ളിൽ വ്യതിയാനങ്ങൾക്ക് വിധേയമാണ്. അതിനാൽ അനന്യതയെ സംബന്ധിച്ച സംഗതമായ ധാരണകൾ തെറ്റിദ്ധാരണാജനകമാകാം. ഉത്തരഘടനാവാദത്തിന്റെ അടിസ്ഥാനത്തിൽ ആത്മനിഷ്ഠത സ്ഥിരമോ ഏകസ്തൂപനിർമിത (monolithic) മോ അല്ല. ആത്മനിഷ്ഠത എപ്പോഴും അപകേന്ദ്രിതമാണ്. അനന്യതാരൂപീകരണത്തെ സഹായിക്കുന്ന, പരസ്പരമാത്സര്യമുള്ള സിദ്ധാന്തങ്ങളാൽ ഉത്തേജിപ്പിക്കപ്പെടുന്ന ഒരു പ്രക്രിയയാണ് ആത്മനിഷ്ഠത.

ഫെമിനിസം ഇന്ന് ഒരു പ്രതിസന്ധിയിലാണ്. ഫെമിനിസത്തെ രണ്ട് തുല്യശക്തികൾ വിപരീതദിശകളിലേക്ക് വലിച്ചുകൊണ്ടിരിക്കുന്നു. നിർവ്യക്തികമായ അനുഭവം സത്യമാണെന്ന ബോധമാണ് ഒരു ശക്തി. ഭൗതികയാഥാർഥ്യമാണെങ്കിലും സാമൂഹ്യപരമായ പ്രത്യയശാസ്ത്രത്താൽ സൃഷ്ടിക്കപ്പെടുന്നതുകൊണ്ട് അനുഭവം വസ്തുനിഷ്ഠമായ സത്യമല്ലെന്ന ബോധമാണ് അടുത്തത്. എന്നാൽ പുരോഗമനവാദികളായ ഫെമിനിസ്റ്റുകളുടെ അഭിപ്രായത്തിൽ സ്ത്രൈണാനന്യത പൂർണവും സംഗതവുമാണ്. ഇതു പുരുഷാനന്യതയ്ക്ക് വിരുദ്ധതയായി നിർവചിക്കപ്പെട്ടിട്ടുള്ളതാണ്. സ്ത്രൈണപുരുഷാനന്യതകൾ തമ്മിലുള്ള വൈരുധ്യത്തിൽ നിന്നുളവായിട്ടുള്ളതാണ് ശിശ്നീയ രാഷ്ട്രീയം (gender politics). ഇത് വർഗം, വർണം ഇവയുടെ വിവേചനത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കിടയിലുണ്ടാകുന്ന വ്യത്യാസങ്ങളിൽ നിന്നുളവാകുന്ന സമസ്യകൾക്കും പരിഹാരം കാണുന്നു. എലിൻ ഡയമണ്ടി (Elin Diamond) ന്റെ അഭിപ്രായത്തിൽ, ഒരു പുരോഗമന ഫെമിനിസ്റ്റ് പാഠം സ്ത്രൈണാനന്യതയെ കാൽപ്പനികവൽക്കരിക്കുന്നതിനുള്ള പ്രവണത കാണിക്കുന്നു. ഒരു സ്ത്രീകേന്ദ്രിത (gynocentric) പാഠത്തിൽ അതീന്ദ്രിയമായ സ്ത്രൈണാനന്യത പ്രതിഫലിപ്പിക്കപ്പെടുന്നതായി ഡയമണ്ട് ചിന്തിക്കുന്നു. എന്നാൽ തെരേസ ഡി ലൗറെറ്റി (Teresa de Lauretis) സ്ത്രൈണാനന്യതയുടെ കാൽപ്പനികവൽക്കരണമെന്ന ആരോപണം നിഷേധിക്കുന്നു. അനന്യതാസ്ഥാപനം ഒരു ഫെമിനിസ്റ്റ് ലക്ഷ്യമല്ലെന്ന് ലൗറെറ്റി വിശ്വസിക്കുന്നു. ആത്മനിഷ്ഠതയുടെ മാറിക്കൊണ്ടിരിക്കുന്ന ഒരു ബഹുമുഖ (multivalent) മേഖലയാണ് അനന്യതാസ്ഥാപനമെന്ന് അവർ അഭിപ്രായപ്പെടുന്നു. സ്ത്രൈണാനന്യത ശിശ്നം, വർഗം, വർണം ഇവയുടെ വ്യത്യസ്തവും വിഭിന്നനിയമവിധേയവുമായ പ്രതിനിധാനങ്ങളാൽ നിർമിക്കപ്പെട്ട ആത്മവിരുദ്ധാർഥ(Self-contradictory) മായ അനന്യതയാണെന്ന് ലൗറെറ്റി ചൂണ്ടിക്കാണിക്കുന്നു (1986 : 9). പ്രാമുഖ്യത്തിനുവേണ്ടി മത്സരിക്കുന്ന വിരുദ്ധസിദ്ധാന്തങ്ങളെ ആധി

കാരികചിത്തം ക്രമീകരിക്കുന്ന സംഘർഷമേഖലയാണ് അനന്യതയെന്നു വരാം. ഫെമിനിസ്റ്റ് ഉത്തരഘടനാവാദം സംഗതവും ഏകീകൃതവുമായ അനന്യതയെന്നുള്ള ആശയത്തെ ഖണ്ഡിക്കുന്നു.

ഫെമിനിസ്റ്റ് ഉത്തരാധുനികത ശക്തമായ പ്രായോഗികപാഠങ്ങൾ എഴുത്തുകാരിക്ക് പ്രദാനം ചെയ്യുന്ന ശൈലിയാണ്. യുക്തിപരമായി ഫെമിനിസ്റ്റ് ഉത്തരാധുനികശൈലി യഥാതഥ ആഖ്യാനതന്ത്രങ്ങളിൽ നിന്ന് വിഭിന്നമാണ്. ഇത് ഏകീകൃത കഥാപാത്രങ്ങളുടെ അന്ത്യത്തെ സൂചിപ്പിക്കുന്നതും ആധികാരികവിഷയത്തെ അപകേന്ദ്രിതമാക്കുന്നതുമാണ്. ഈ ശൈലി സാഹിത്യത്തിന്റെ അനുകരണധർമ്മ (representative function) ത്തെ സംബന്ധിച്ച ഭൗതികാത്മക ഫെമിനിസ്റ്റ് വിശകലനത്തിന് അനുയോജ്യമായ പാരമ്പര്യ അവബോധങ്ങൾ പൂർവതലത്തിലേക്ക് കൊണ്ടുവരുന്നതുമാണ്. ഫെമിനിസ്റ്റ് ഉത്തരാധുനികതയുടെ ലക്ഷ്യം ഒരു പാഠവും പാഠത്തിന്റെ നൂതനാർഥങ്ങൾ സൃഷ്ടിക്കുന്ന ആഖ്യാനതന്ത്രങ്ങളും വളർത്തിയെടുക്കുകയെന്നതാണ്. ഫെമിനിസ്റ്റ് ഉത്തരാധുനിക ആഖ്യാനങ്ങൾ യഥാതഥവാദത്തിന്റെ പാരമ്പര്യങ്ങളിൽ നിന്ന് വ്യത്യസ്തമായും സംസ്കാരത്തിനുള്ളിൽ തങ്ങളുടെ സ്ഥാനത്തെക്കുറിച്ച് വിഭിന്നമായും ചിന്തിക്കുവാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നു. ഇവ വിമർശകന് ഒരു സാഹിത്യപാഠത്തിന്റെ പ്രത്യക്ഷമായ സുതാര്യത വെളിപ്പെടുത്തുന്ന ഒരു ഭാഷ നൽകുന്നു. ഉത്തരാധുനിക ആഖ്യാനശൈലി സത്യാനുഭവത്തിന്റെ ചിത്രീകരണസംബന്ധമായ കപടപ്രത്യയശാസ്ത്രത്തെ വെളിപ്പെടുത്തുന്നു. ഉത്തരാധുനികസമീപനം ഒരു പാഠത്തിന് അനന്തമായ അർഥബാഹുല്യം നൽകുന്നു. വേഷഭൂഷാദികളുടെ പ്രദർശനം, രാഷ്ട്രീയപരമായി നിസ്സംഗമായ വിരസത, ശ്രേഷ്ഠ ആഖ്യാനങ്ങളോടുള്ള പ്രതിലോമപരമായ ഗൃഹാതുരത്വം മുതലായവ ഇവയിൽ ഉൾപ്പെടുന്നു.

ഉത്തരഘടനാവാദം പുരോഗമനവാദികളായ ഫെമിനിസ്റ്റുകളെയും അവരുടെ അനന്യതാരാഷ്ട്രീയത്തെയും എതിർക്കുന്നതാണ്. ഇതിന് ഒരു വരേണ്യ ഭാഷയുടെ ആഖ്യാനക്ഷമതയാണ് സഹായിക്കുന്നത്. എന്നാലിത് ഭാഷയുടെ ശക്തിയെ സംബന്ധിച്ച ഒരു സംവാദത്തിലേക്ക് നയിക്കുന്നു. ഫെമിനിസ്റ്റ് ഉത്തരാധുനികത പാഠത്തിന്റെ ചട്ടക്കൂടിൽ വിധ്യാത്മകബിംബങ്ങൾ സൃഷ്ടിക്കുന്നതിനും തിരിച്ചറിയുന്നതിനും ഉപയുക്തമാണ്. ഇത് പാഠ്യപ്രാതിനിധ്യ(texual representations)ത്തിന്റെ പൈതൃകഘടനയിൽ നിലീനമായ പ്രത്യയശാസ്ത്ര സങ്കേത(codes)ങ്ങളെ വിശകലനം ചെയ്യുന്നതിനും സഹായിക്കുന്നു. ഒരു പാഠം അതിന്റെ ചരിത്രപശ്ചാത്തലത്തിലാവണം വിലയിരുത്തപ്പെടേണ്ടത്. അതീന്ദ്രിയ മേഖലയിലേക്ക് ഒരു പാഠം വിയുക്തമാക്കപ്പെടുന്നത് അതിന്റെ അർഥാന്തരങ്ങൾ കാരണമാണ്. ചരിത്രാതീതമായ ഉള്ളടക്കമോ ബിംബങ്ങളോ അല്ല ഒരു പാഠത്തിൽ പ്രധാനമായിട്ടുള്ളത്; പ്രത്യയശാസ്ത്രത്തിന്റെ പാഠ്യ



പരമായ പ്രാതിനിധ്യമാണ് ഒരു സാഹിത്യപാഠത്തിന്റെ ഏറ്റവും പ്രമുഖമായ ഘടകം. സാഹിത്യചരിത്രത്തിൽ സ്ഥാനമില്ലാത്ത സ്ത്രീവർഗത്തിന് ഒരു സ്ത്രീകേന്ദ്രിത സംസ്കാരസാത്മീകരണമായ പ്രാതിനിധ്യം സാധ്യമാണ്.

ഫെമിനിസ്റ്റ് ഉത്തരഘടനാവാദം സത്യാനുഭവത്തിന്റെ ആധികാരികതയെ ചോദ്യം ചെയ്യുന്നു. ഉത്തരഘടനാവാദം സ്ത്രീയും പുരുഷനും പ്രപഞ്ചത്തെ ജയിക്കുവാൻ കഴിവുള്ള സ്വതന്ത്രവ്യക്തിയാണെന്ന വിമോചന മാനവികവാദ(liberal humanism)ത്തിന്റെ ആശയത്തിൽ സംശയം പ്രകടിപ്പിക്കുന്നു. ക്രിസ് വീഡന്റെ (Chris Weedon) അഭിപ്രായത്തിൽ പ്രത്യയശാസ്ത്രം ഒരു സാർവത്രികസത്യമായി മുദ്രചെയ്യപ്പെടുന്ന മാർഗത്തെക്കുറിച്ചാണ് ഉത്തരഘടനാവാദം പ്രതിപാദിക്കുന്നത്. ഉത്തരഘടനാവാദവിമർശനം ഒരു പാഠത്തിന്റെ ചട്ടക്കൂട്ടിൽ അന്തർലീനമായ അധികാരഘടനയെക്കുറിച്ച് അന്വേഷിക്കുന്നു. പ്രതിപാദനത്തിലൂടെ ആത്മനിഷ്ഠത രൂപപ്പെടുത്തുന്ന മാർഗങ്ങളെക്കുറിച്ചും ഈ വിമർശനരീതി ആരായുന്നു. എഴുത്തുകാരെന്ന നിലയിൽ അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ത്രീകളെ സംബന്ധിച്ചിടത്തോളം ബാർത്ത്സിന്റെ സിദ്ധാന്തം അകാലികമാണ്. നീഗ്രോവംശജയായ ഫെമിനിസ്റ്റ് ബാർബറ ക്രിസ്റ്റ്യന്റെ (Barbara Christian) അഭിപ്രായത്തിൽ, സിദ്ധാന്തം സ്ത്രീകളെ നിശ്ശബ്ദരാക്കുന്നു. അവഗണിക്കപ്പെട്ട ന്യൂനപക്ഷ എഴുത്തുകാർ പ്രശസ്തരാകുന്ന സന്ദർഭത്തിൽ മാത്രമേ പ്രതിപാദനവും സിദ്ധാന്തവും പ്രശസ്തമാകുന്നുള്ളൂ. ഉത്തരഘടനാവാദം "ഗ്രന്ഥകാരന്റെ മരണ"ത്തിൽ വിശ്വസിക്കുന്നതുകൊണ്ട്, അത് എഴുത്തുകാരെ നിശ്ശബ്ദരാക്കുന്ന ഒരു പ്രതിലോമപരമായ പ്രതിപാദനമാണ്. ഒരു ന്യൂനപക്ഷ സമുദായാംഗമായ ക്രിസ്റ്റ്യൻ തന്റെ വാദഗതി വർണവിവേചനത്തിന്റെ വീക്ഷണകോണിലൂടെയാണ് പുരോഗമിപ്പിക്കുന്നത്. തങ്ങൾ അനുഭവിക്കുന്ന ലൈംഗികപീഡനം പ്രതിപാദനത്തിന്റെ ഭാഷ ഉപയോഗിക്കുന്നതിൽ നിന്ന് അവരെ വിലക്കുന്നു.

ഉത്തരാധുനികത ആഖ്യാനത്തെ പങ്കിലമാക്കുകയും ആധികാരികവിഷയത്തെ അപകേന്ദ്രിതമാക്കുകയും സ്വത്വത്തെ പ്രത്യയശാസ്ത്രത്തിന് കീഴ്പ്പെടുത്തുകയും ചെയ്യുന്നു. പല എഴുത്തുകാരികൾക്കും ഭാഷയിൽ നിന്നും ആഖ്യാനതന്ത്രങ്ങളുടെ അപ്രവേശികത്വത്തിൽ നിന്നും അന്യവൽക്കരിക്കപ്പെടുന്നതായി തോന്നാം. സ്ത്രീവർഗത്തെ വളർത്തുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന, നഷ്ടപ്പെട്ട ഒരു സ്ത്രൈണ ആഖ്യാനത്തോട് അവർക്ക് ഒരു ഗൃഹാതുരത്വവാഞ്ഛ ഉണ്ടാകും. ഫെമിനിസ്റ്റ് ഉത്തരാധുനികത പാഠത്തിൽ സന്നിവേശിപ്പിക്കപ്പെടുന്ന സ്ത്രൈണാനന്യതകളെ ഗാത്രതലങ്ങളിലേക്ക് വ്യാപനം ചെയ്യുന്നു. ശിശ്നത്തിന്റെ നിയന്ത്രണത്താൽ പരിമിതസ്വതന്ത്രയാക്കപ്പെടുന്നതുകൊണ്ട് എഴുത്തുകാരി സ്ത്രീഗാത്രത്തിന്റെ പുനഃസൃഷ്ടിയിലൂടെ തന്നെ ശിശ്നവൽകൃത പ്രതിപാദനവുമായി പൊരുത്തപ്പെടുവാൻ ശ്രമി

ക്കുന്നു. മറിയാം ഗോൾഡ്ബെർഗി (Mariame Goldberg) ന്റെ അഭിപ്രായത്തിൽ,
ത്തുകാരി തന്റെ സ്ത്രീഗാത്രത്തിലൂടെ അനുഭവിച്ചറിയുന്ന സത്യത്തെ
ളസത്യമായി പരിഗണിക്കുന്നില്ലെങ്കിൽ, സ്ത്രീക്ക് തന്റെ ശരീരത്തിന്റെ
മേൽ അധികാരാവകാശമുന്നയിക്കാം. ഈ സാഹചര്യത്തിൽ സ്ത്രൈണാനു
ഭവങ്ങൾ വൈയക്തികാനുഭവങ്ങൾ മാത്രമായി തരംതാഴ്ത്തപ്പെടുന്നു. ഐന്ദ്രി
യാനുഭൂതിയിലൂടെ അനുഭവപ്പെടുന്ന സത്യം വൈകാരികസത്യം മാത്രമാണ്.
സ്ത്രീഗാത്രം ഒരു സ്ത്രൈണപാഠമാണ്; സ്ത്രീശരീരത്തിന്റെ പ്രതിക്ഷേപ
ക്രിയകൾ (reflexes) പാഠത്തിന്റെ സൃഷ്ടിക്കപ്പെട്ട അർഥങ്ങളാണ്.

അനുഭവങ്ങളും അർഥങ്ങളും ഉൾപ്പെടുന്നതാണ് ഉത്തരഘടനാവാദപ്രതി
പാദനം. ഇതിന്റെ പ്രശ്നസങ്കീർണതയെ ഫലപ്രദമായി മൂർത്തീകരിക്കുന്നതിന്
ഉത്തരാധുനികശൈലിക്ക് കഴിയുന്നു. സമൂഹത്തിലെ ശിശ്നക്രമീകരണം ഒരു
സാഹിത്യപാഠത്തിൽ ചിത്രീകരിക്കുവാൻ കഴിയും. ഫെമിനിസത്തിന്റെ പശ്ചാ
ത്തലത്തിൽ നടക്കുന്ന ഉത്തരാധുനിക പരീക്ഷണങ്ങൾ സ്ത്രീസമത്വവാദപ്ര
സ്ഥാനങ്ങളുടെ രാഷ്ട്രീയലക്ഷ്യങ്ങളെ ശക്തിപ്പെടുത്തുന്നു. സർഗരചനയേ
ക്കാളുപരി വിമർശനരചനകളിൽ പ്രകടമായ ഫെമിനിസ്റ്റ് ഉത്തരാധുനികത
അർഥതലങ്ങളും അർഥാന്തരങ്ങളുമായി ഇടപഴകാതെ സിദ്ധാന്തമായി നില
നിൽക്കുന്നു. ഇത് പാഠാർഥങ്ങളോട് പ്രതിബദ്ധമായ ശൈലീവ്യവസ്ഥ
യാണ്. ഭൗതികയാഥാർഥ്യത്തിന്റെ സമുദ്ദിഷ്ട(referents)ങ്ങളെ വേർതിരിച്ച്
അവയുടെ സൃഷ്ടിക്കുള്ള നവീകരിക്കാവുന്നതും രൂപാന്തരപ്പെടുത്താവുന്നതു
മായ പദ്ധതികൾ തയ്യാറാക്കുന്നതിൽ ഫെമിനിസ്റ്റ് ഉത്തരാധുനികത
ശ്രദ്ധിക്കുന്നു.

ഉത്തരാധുനികത സംസ്കാരം നിരന്തരമായ വികസനവും പുരോഗ
തിയും പ്രതിനിധാനം ചെയ്യുന്നുവെന്ന ധാരണയ്ക്കെതിരാണ്. മനുഷ്യാവ
സ്ഥയെ സൂചിപ്പിക്കുന്നതിന് സാർവലൗകികമായ ഒരു ആത്മനിഷ്ഠത ഉപ
യോഗിക്കാമെന്ന ആശയത്തെയും ഉത്തരാധുനികത ചോദ്യം ചെയ്യുന്നു.
ലിയോറ്റാർഡി (Lyotard) ന്റെ അഭിപ്രായത്തിൽ, ജ്ഞാനാന്വേഷണത്തിനുപ
യോഗിക്കുന്ന ശ്രേഷ്ഠ ആഖ്യാനങ്ങളുടെ രണ്ട് പ്രമുഖരൂപങ്ങളും ഇന്നത്തെ
സാഹചര്യത്തിൽ പ്രവർത്തനക്ഷമമല്ല. വിമോചനത്തിന്റെ പ്രയോജകആ
ഖ്യാന(instrumental narratives) ങ്ങളും ജ്ഞാനശേഖരണപ്രതിരോധത്തിന്റെ
ശുദ്ധിവാദി ആഖ്യാന(purist narratives) ങ്ങളും സാങ്കേതികവിജ്ഞാനത്തിന്റെ
ലക്ഷ്യങ്ങളെയും മൂല്യങ്ങളെയും കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കുന്ന
തിന് ഫലപ്രദമല്ല. ഈ സംശയവാദം പാശ്ചാത്യസംസ്കാരത്തിന് സമാന
മായ സമകാലീനപ്രക്രിയയായ മനുഷ്യപുരോഗതിയിലുള്ള വിശ്വാസത്തിന്റെ
നഷ്ടമായി പരിഗണിക്കപ്പെടുന്നു. ഉത്തരാധുനികത വിമോചന/മാർക്സിസ്റ്റ്/
സോഷ്യലിസ്റ്റ് പ്രതിപാദനങ്ങളുടെ കാതലായ വിമോചനപ്രമേയങ്ങളെ
ചോദ്യംചെയ്യുന്നു.





ഹെലൻ സിക്സസും ലൂസി ഇറിഗാറേയും "സ്ത്രൈണവ്യത്യാസ"ത്തിന് ഊന്നൽ നൽകുന്ന മുഖ്യഫെമിനിസ്റ്റുകളാണ്. എന്നാൽ ജൂലിയ ക്രിസ്റ്റേവ ഇത്തരത്തിലുള്ള "സ്ത്രൈണവ്യത്യാസ" ഫെമിനിസത്തെ വിമർശിക്കുന്നു. സ്ത്രൈണതയുടെ മൂലതത്വത്തിലൂന്നിയ എല്ലാ സൈദ്ധാന്തിക പ്രവർത്തനങ്ങളെയും ക്രിസ്റ്റേവ എതിർക്കുന്നു. ഭാഷാക്രമത്തിൽ നിന്നുള്ള പ്രതീകക്രമത്തിന്റെ അപതിരസ്കാര(denegation)വും സ്ത്രൈണഭാവത്തിന്റെ നിഷ്കാസന(removal) വുമാണ് ക്രിസ്റ്റേവ നിർദേശിക്കുന്നത്. പ്രതീകാത്മക തലത്തിൽ സ്ത്രൈണഭാവത്തിന്റെ നിശ്ശബ്ദത അർഥമാക്കുന്ന സ്ത്രൈണതയെ സംബന്ധിക്കുന്ന ഏതൊരു പ്രതിപാദനവും എഴുത്തുകാരിക്ക് ഒരു ശാപവും ഭാരവുമാണെന്ന് ക്രിസ്റ്റേവ അഭിപ്രായപ്പെടുന്നു. അർഥത്തിന്റെയും അർഥശക്തിയുടെയും ഘടനയിൽ മാത്രമാണ് സ്ത്രൈണഭാവം നിലനിൽക്കുന്നത്. ഇത്തരത്തിലുള്ള പരോക്ഷമായ ഒരു സ്ത്രൈണ അപരത്വ(feminine otherness)മാണ് ക്രിസ്റ്റേവയുടെ സിദ്ധാന്തത്തിന്റെ അന്തസ്സത്ത.

ഇറിഗാറേയും സിക്സസും സ്ത്രീകളുടെ സാംസ്കാരികവൈപരീത്യത്തിന്റെ ലക്കേണിയൻ ശാശ്വതവൽക്കരണം തള്ളിക്കളയുന്നു. സംസ്കാരത്തിലുള്ള പുരുഷ മേൽക്കോയ്മയുടെ അനിവാര്യതയെ അവർ ചോദ്യം ചെയ്യുന്നു. സ്ത്രൈണവ്യത്യാസത്തിന്റെ ആവാഹന (invocation) മാണ് ഇതിന് കാരണം. ഒരു പുരുഷകേന്ദ്രിത ലോകത്തിൽ നിന്നുള്ള രക്ഷാമാർഗം ഈ സാഹചര്യം ഉറപ്പുനൽകുന്നില്ല. "സ്ത്രൈണവ്യത്യാസം" സ്ത്രീഗാത്രത്തിൽ നിന്നും, സ്ത്രീശരീരത്തിന്റെ പ്രത്യേകാനുഭവങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ള ഒരു ബോധമാണ്. ഇത് ലൈംഗികതയും ജനനേന്ദ്രിയാവസ്ഥയും സംബന്ധിച്ച പുരുഷപ്രതീകാത്മക താദാത്മ്യ(symbolic identification) ത്തെ പുനരവതരിപ്പിക്കുന്നു. ഇത് മാതൃധർമത്തെ അവശ്യ അനിവാര്യതയായി അവതരിപ്പിക്കുന്നു. എന്നാൽ മാതൃഭാവത്തോടുള്ള ക്രിസ്റ്റേവയുടെ മനോഭാവം അർഥഗർഭമാണ്.

സ്ത്രീകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്ന പ്രതീകാത്മകവും ആനുഭവിക(emperical) വുമായ സവിശേഷതകളുടെ ലോപ(elision) മാണ് മാതൃഭാവത്തിൽ ഉൾക്കൊള്ളുന്നത്. മാതൃധർമത്തിന്റെ രൂപത്തിൽ സ്ത്രൈണവ്യത്യാസത്തെ നിർവചിക്കുന്നത് ശരിയായ രീതിയല്ല. അമ്മമാരല്ലാത്ത സ്ത്രീകൾക്കും അമ്മമാരാകാൻ ആഗ്രഹമില്ലാത്ത സ്ത്രീകൾക്കും സ്ത്രൈണത നിഷേധിക്കുന്നതാണ് ഈ നിർവചനം. സ്ത്രൈണഭാവത്തെ മാതൃഭാവത്തോട് തുലനം ചെയ്യുന്നത് ഫെമിനിസ്റ്റുകളെ സംബന്ധിച്ചിടത്തോളം പ്രശ്നസങ്കീർണമാണ്. ഈ ലളിതസാമ്യത സ്ത്രീകൾ ചോദ്യംചെയ്യുന്ന പുരുഷകേന്ദ്രിത സംസ്കാരത്തിന്റെ അർഥശക്തിയെ രംഗത്ത് കൊണ്ടുവരുന്നു. ഈ താദാത്മ്യഭാവം അകാരണവും അന്യായവുമായ സ്ത്രീശിക്ഷണ

(domestication)ത്തെ ന്യായീകരിക്കുന്നു. ഇത് സ്ത്രീയുടെ ആത്മാവിഷ്കാരത്തിന്റെയോ ആത്മസാക്ഷാത്ക്കാരത്തിന്റെയോ വീക്ഷണകോണിലൂടെയുള്ള ഹാനികരമായ ധർമമോ കർമവിഭജനമോ ആണ്.

"സ്ത്രൈണവ്യത്യാസം" സ്ത്രീഗാത്രത്തിന്റെയും സ്ത്രീധർമത്തിന്റെയും പ്രഥമവും പ്രധാനവുമായ ആവശ്യകതയായി മാറിയിരിക്കുന്നു. ഇത് പരമ്പരാഗതമായ സ്ത്രീ–പുരുഷവിഭജനത്തെ പുനരവതരിപ്പിക്കുകയും സ്ത്രീയെ സ്ത്രീശരീരവും നിശ്ശബ്ദതയുമായി നവീകരിക്കുകയും ചെയ്യുന്നു. സ്ത്രീ പുരുഷന്റെ വിപരീതമാണെന്ന ഒരു ധ്വനി ഇതിൽനിന്നുണ്ടാകുന്നു. ഇത് സ്ത്രീയെ സാംസ്കാരികമായി രൂപപ്പെടുന്നതും, സാംസ്കാരികമായി സങ്കീർണമായതും, യുക്തിബദ്ധവും, ഉത്ഭൂതവും, പ്രവർത്തനക്ഷമവുമായ ഒരു വാച്യവൈപരീത്യ(vocal opposition) മായി അവതരിപ്പിക്കുന്നതിൽ വിജയിക്കുന്നില്ല. സിക്സസിന്റെയും ഇറിഗാറേയുടെയും സൈദ്ധാന്തികനിലപാടുകളിൽ നിന്നുള്ള പൂർണമായ വിടുതൽ സ്ത്രീ–പുരുഷ സാംസ്കാരികസമന്വയത്തിന്റെ പൂർണമായ ഛേദനമാണ്.

"സ്ത്രൈണവ്യത്യാസ"ത്തിന് സ്ത്രീഗാത്രത്തിലും സ്ത്രീധർമത്തിലും ആവശ്യമായ പിന്തുണ നൽകുന്നതാണ് "സ്ത്രൈണവ്യത്യാസ"ഫെമിനിസം. അതിനാൽ, വ്യത്യാസത്തോടുള്ള പ്രതിബദ്ധത സ്ത്രൈണവ്യത്യാസത്തിന്റെ അപനിർമാണത്തിലേക്ക് നയിക്കുന്നില്ല. സ്ത്രൈണവ്യത്യാസങ്ങളുടെ സാർവത്രികവും അമൂർത്തവുമായ സ്വാധീനത്തെക്കുറിച്ച് സ്ഥൂലവ്യത്യാസങ്ങളുടെ ബാഹുല്യത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം നടത്തേണ്ടതാണ്. സ്ത്രീകൾക്കിടയിൽത്തന്നെ ലൈംഗികത, വർഗം, വർണം ഇവയുടെ അടിസ്ഥാനത്തിൽ അന്തരങ്ങളുണ്ട്. ഈ വീക്ഷണത്തിൽ 'സ്ത്രീ' എന്ന സംജ്ഞ എല്ലാ സ്ത്രീകളെയും പ്രതിനിധീകരിക്കുന്നില്ല. തത്ഫലമായി, വെള്ളക്കാരിയായ സ്ത്രീ', 'കറുത്തവർഗക്കാരിയായ സ്ത്രീ', 'ജോലിക്കാരിയായ സ്ത്രീ', 'കുടുംബിനിയായ സ്ത്രീ', 'കോളണിവാസിയായ സ്ത്രീ' തുടങ്ങിയ പുതിയ സംജ്ഞകളുണ്ടാകുന്നു. "സ്ത്രൈണവ്യത്യാസ"ഫെമിനിസം പോലുള്ള അമൂർത്തവും പ്രാതിനിധ്യസ്വഭാവമുള്ളതുമായ ഒരു പ്രതിപാദനം അതിവ്യഷ്ടിവാദത്തിൽ അവസാനിക്കുന്നു. ഇത് ഒരു വാക്കേന്ദ്രിത(logocentric) സാമ്രാജ്യത്വത്തിനുദാഹരണമാണ്.

ചുരുക്കത്തിൽ ലിംഗസവിശേഷതയുടെ പേരിലുള്ളതാണെങ്കിലും സാർവത്രികസ്വഭാവമുള്ള പൊതുവായ അനുഭവങ്ങളുടെ ചില വ്യവസ്ഥകളാണ് കൂട്ടായ, സമൂഹരൂപത്തിലുള്ള, ശിശ്നവിഭാഗങ്ങളെ ന്യായീകരിക്കുന്നതും അവയ്ക്ക് അർഥം നൽകുന്നതും എന്ന് നിസ്സംശയം പറയാൻ കഴിയും.





## ഗ്രന്ഥസൂചി


Arae, J. "Introduction" *Postmodernism and Politics* Ed., J. Arae, Manchester: Manchester University Press, 1986.

Barthes, Roland "Death of the Author" *Image - Music, Text* Tr. Stephen Heath, New York: The Noonday Press, 1977: 142-48.

Case, Sue-Ellen, *Feminism and Theatre*, London: Routledge, 1988.

Case, Sue - Ellen and Jeanie Forte, "From Formalism to Feminism" *Theater 16 No.2* (Spring): 62-65.

Chodorow, Nancy, *The Reproduction of Mothering: Psychoanalysis and Sociology of Gender,* Berkeley: University of California Press, 1978.

Christian, Barbara, "The Race for Theory" *Feminist Studies* 14 No. 1 (Spring): 67-80.

Cixous, Helene, *Three Steps on the Ladder of Writing.* Trs. Sarah Cornell and Susan Sellers, London: Harvester, 1993.

Cornell, Drusilla and Adam Thurschwell, "Feminism, Negativity, Subjectivity" *Feminism as Critique* Ed. Drusilla. Cornell and Seyla Benhabib, London: Oxford University Press, 1987: 150-51.

Creed, Barbara, "From Here to Modernity: Feminism and Post modernism" *Screen* 24. No. 2 (Spring 1987).

Diamonds, Elin, "Refusing the Romanticism of Identity: Narrative Interventions in Churchill, Benmussa, Duras." *Theatre Journal* 38, No. 3 (October) 273-86.

Dolan, Jil!, "Is the Postmodern Aesthetic Feminist?" *Art and Cinima* 1 No.3 (Fall): 5-6.

Eagleton, Terry, "Capitalism, Modernism and Postmodernism" *New Left Review* 152 (1985): 60-73.

Flax, Jane, "Postmodernism and Gender Relations in Feminist Theory" *Signs* 12 No. 4 (1987): 621-43.

Freud, Sigmond, *Civilization and Its Discontents,* New York: Norton, 1961: 50-1.

------------"On Narcissism: An Introduction" *Complete Psychological Works.* Standard Edition. Vol 14. London: Hogarth Press, 1957.

Habermas, Jurgen, "Modernity – an Incomplete Project" *Postmodern Culture* Ed. Hal Foster, London: Pluto, 1985: 3-15.

Harding, Sandra, *The Science Question in Feminism*, London: Cornell University Press, 1986.

Irigarray, Luce, *Thinking the Difference: For a Peaceful Revolution* New York: Routledge, 1994.

Jameson, Frederic, "Postmodernism and Consumer Socieity" *Postmodern Culture* Ed. Hal Foster, London: Pluto, 1985: 111-25.

Jardine, Alice, Gynesis: *Configurations of Women and Modernity,* London: Cornell University Press, 1985.

Kant, Immanuel, "What is Enlightenment?" *Foundations of the Metaphysics of Morals,* Indianapolis: Bobbs-Merrill Co., 1959: 85.

Kelley, Joan, "The Doubled Vision of Feminist Theory" *Feminist Studies.* 6 No. 2 (Summer 1979): 216-27.

Koch, Gertrud, "Exchanging the Gaze: Revisioning Feminist Film Theory" *New German Critique* 34 (1985: 139-53.

Kristeva, Julia, "Women's Time" *The Kristeva Reader* Ed., Toril Moi, London: Oxford University Press, 1985: 187-213.

Lauretis, Teresa de, "Aesthetic and Feminist Theory: Rethinking Women's Cinema", *New German Critique 34 (1985): 154-75*

------------"Issues, Terms and Contexts" *Feminist Studies/Critical Studies* Ed., Teresa de Lauretis, Bloomington: Indiana University Press, 1986: 1-19.

Lyotard, Jean - Francois, *The Postmodern Condition: A Report on Knowledge,* Minneapolis: University of Minnesota Press, 1984.

Mulvey, Laura, "Visual Pleasure and Narrative Cinema", *Screen* 16 No. 3 (1975): 6-18.





Riviere, Joan, "The unconscious Fantasy of an Inner World Reflected in Examples from Literature." *New Directions in Psychoanalysis,* Ed., Malanie Klein. London: Oxford University Press, 1986.

Sartre Jean Paul, *Being and Nothing,* New York: Philosophical Library, 1956.

Soper, Kate, "Feminism, Humanism, Postmodernism", *Troubled Pleasures: Writings on Politics, Gender and Hedonism,* London: Verso, 1990: 1-25.

Waugh, Patricia, *Practising Postmodernism/Reading Modernism*, London: Edward Arnold, 1992: 119-35.

Weedon, Chris. *Feminist Practice and Poststructuralist Theory,* New York: Busil Blackwell, 1987.

Wright, Elizabeth, "Thoroughly Postmodern Feminist Criticism" *Between Feminism and Psychoanalysis,* Ed: Teresa Brennan, London: Routledge, 1989: 146-50.

ഡോ. എൻ. പ്രശാന്ത്കുമാർ, നാട്ടിക ശ്രീനാരായണകോളെജിലെ ഇംഗ്ലീഷ് അധ്യാപകനാണ്. *Comparative Indian Literature, Writing the Female: A Study of Kamala Das,* സ്ത്രീരചനാദർശനം: ഒരു അവ ലോകനം മുതലായവയാണ് കൃതികൾ.